
മാധ്യമം ● ഞായർ ● 23 ഏപ്രിൽ 2017 ● ലക്കം 1510

വാരാദ്യ മാധ്യമം

varadyam@madhyamam.in



പുനത്തിൽ കുഞ്ഞബ്ദുള്ള

● ചിത്രങ്ങൾ: അജീബ് കൊമാച്ചി

> “നോവൽ എഴുതിയിട്ടില്ല.
> എഴുതണമെന്ന് ആഗ്രഹമുണ്ട്.
> പേന കൈയിലിരിക്കുന്നില്ല.
> ഓർമകൾ അനുസരിക്കുന്നില്ല”
> ദൂരെ കടലിലേക്ക് നോക്കി പുനത്തിൽ
> കുഞ്ഞബ്ദുള്ള തൻെറ സ്വപ്ന നോവൽ
> ‘യാ അയ്യുഹന്നാസി’നെക്കുറിച്ച് പറഞ്ഞു

# ഓർമകളുടെ കടൽതീരത്ത് കുഞ്ഞബ്ദുള്ള

പി. സക്കീർ ഹുസൈൻ

നോക്കെത്താ ദൂരത്തോളം നീണ്ടുകിടക്കുന്ന കാരക്കാട് കടപ്പുറത്തിൻെറ ഇങ്ങേ അറ്റത്ത് കടലിനു മുഖംചേർന്ന ഫ്ലാറ്റിലെ മുറിയിലിരുന്ന് പുനത്തിൽ കുഞ്ഞബ്ദുള്ള പുഞ്ചിരിച്ചു; കാരക്കാട്ടെ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലേക്ക് നിറഞ്ഞ മഴയിൽ ഓലക്കുട ചൂടി വന്ന കുട്ടിയുടെ അതേ നിഷ്കളങ്കതയോടെ. കോഴിക്കോട്ടെ കടൽക്കാറ്റേറ്റ് ഈ മുറിയിലിരിക്കുമ്പോൾ അന്നത്തെ ബാല്യത്തിലെ കാഴ്ചകൾ- ചെറിയ ചെറിയ തോണികളും മുക്കുവക്കുടിലുകളും കടലിനപ്പുറത്തെ ഗോസായിക്കുന്നും കുഞ്ഞബ്ദുള്ളയുടെ ഓർമയിലെത്തുന്നുണ്ടാകണം. കുഞ്ഞബ്ദുള്ളയുടെ സർഗാത്മക വ്യക്തിത്വം അതിൻെറ സഫലതയിലെത്തിയ ‘സ്മാരകശിലകളെ’ന്ന നോവലിൻെറ ഭൂമികയിലൊരിടമായ കാരക്കാട്ടെ കടപ്പുറത്തെ പഴയ തെളിമയുള്ള കാറ്റിൻ മണം ഓർമയുടെ നാസാരന്ധ്രങ്ങളിൽ നിറയുന്നുണ്ടാകണം. ഖാൻ ബഹദൂർ പൂക്കോയ തങ്ങളും പൂക്കുഞ്ഞീബിയും മുക്രി എറമുള്ളാനും മനസ്സകത്ത് പുനർജനിക്കുന്നുണ്ടാകണം. ഇപ്പോഴും കുഞ്ഞബ്ദുള്ള പുഞ്ചിരിക്കുകയാണ്. മരുന്നുകളുടെ ശക്തികൊണ്ടാകണം കണ്ണുകളിൽ നേരിയ മയക്കമുണ്ടായിരുന്നു. പതിവില്ലാതെ സന്ദർശകരെ കണ്ടപ്പോൾ അദ്ദേഹം ഉത്സാഹത്തിലായി.

“ഞാനിപ്പോൾ കുറെ നേരം ഉറങ്ങും. രാവിലെ ഒമ്പതു മണിക്കേ എഴുന്നേൽക്കാറുള്ളൂ...”

മലയാളത്തിൻെറ വലിയ കഥാകാരൻ പറഞ്ഞു. കൂടെയുള്ള ഫോട്ടോഗ്രാഫർ അജീബ് കൊമാച്ചിയെ കണ്ടപ്പോൾ കണ്ണുകൾ പിന്നെയും വിടർന്നു. കുട്ടിയെ പോലെ ചിരിച്ചു. കൈപിടിച്ചു. മൽപ്പിടിത്തം നടത്തി.

2014ൻെറ അവസാന മാസങ്ങളിൽ ജീവിതം കൈവിട്ടുപോകുമെന്ന ഭയത്തിൽ മക്കളും മരുമക്കളും അദ്ദേഹത്തെ സ്നേഹത്തണലിലാക്കുകയായിരുന്നു. മകൾ നാസിമയുടെയും മരുമകൻ ജലീലിൻെറയും സംരക്ഷണത്തിലാണ് കഥാകാരനിപ്പോൾ. എപ്പോഴും ആൾക്കൂട്ടത്തിനിടയിലായിരുന്നു പുനത്തിൽ കുഞ്ഞബ്ദുള്ള എന്ന കഥാകാരൻ. കൂട്ടുകാരുടെ അവസാനിക്കാത്ത ഒഴുക്കുകൾ. വർത്തമാനങ്ങൾ. യാത്രകൾ. അതെല്ലാം വിട്ടെറിഞ്ഞാണ് അദ്ദേഹം നടക്കാവ് പണിക്കർ റോഡിലെ ക്രസൻറ് മാൻസയിലെ 10 ബിയിലേക്ക് കൂടുമാറിയത്. പിന്നീട് രോഗത്തിൽനിന്ന് മാറിനടക്കാനുള്ള ശ്രമങ്ങൾ. ആഘോഷിച്ച കൂട്ടുകാരിൽ ചിലർ മാത്രം ‘കുഞ്ഞിക്ക’യെ അന്വേഷിച്ചു. “പഴയ കൂട്ടുകാരൊക്കെ കാണാൻ വരാറുണ്ടോ?”

“ഇല്ല. ഇപ്പോൾ അങ്ങനെ ആഘോഷവും കൂട്ടുകാരുമൊന്നും ഇല്ലല്ലോ.” കുഞ്ഞിക്ക ചിരിച്ചു.

“എപ്പോഴും ആൾക്കൂട്ടത്തിനിടയിൽ ജീവിച്ച ആളാണ് കുഞ്ഞിക്ക. ഇപ്പോഴത്തെ ഈ ഏകാന്ത നാളുകൾ എങ്ങനെയാണ്?”

“പുറത്തേക്കൊന്നും ഇപ്പോൾ പോകാറില്ല. വയ്യ. എന്നാൽ, ഒറ്റപ്പെട്ടെന്ന തോന്നലുമില്ല.”

മുക്കം സ്വദേശിയായ രാജനാണ് സഹായത്തിന് കൂടെയുണ്ടായിരുന്നത്. രാജൻ വായനാശീലമുള്ള കൂട്ടത്തിലാണ്. പുനത്തിൽ കുഞ്ഞബ്ദുള്ളയെ കുറച്ചൊക്കെ വായിച്ചിട്ടുണ്ട്. കഥാകാരനെ പരിചരിക്കൽ വലിയ ഭാഗ്യവും പുണ്യവുമായി കരുതുന്നു രാജൻ- “ചിലപ്പോൾ പാട്ട് വെച്ചുകൊടുക്കും. അത് കേട്ടിരിക്കൽ മൂപ്പർക്ക് വലിയ ഇഷ്ടമാണ്. ഹിന്ദിയും മലയാളവും ഗസലുമെല്ലാം കേൾപ്പിക്കും. പാട്ടിൽ ലയിച്ച്... മയങ്ങും. എഫ്.എമ്മിലെ പാട്ടുകളും വർത്തമാനവും ഇഷ്ടമാണ്. പക്ഷേ, വായനയൊന്നും ഇല്ല. അതിനെക്കുറിച്ച് ഞങ്ങളാരും ചോദിക്കാറുമില്ല” -രാജൻ പറഞ്ഞു.

എന്നും ഭക്ഷണപ്രിയനായിരുന്നു കുഞ്ഞബ്ദുള്ള. എഴുത്തുപോലെ പാചകനൈപുണിയും അനുഗ്രഹമായി ലഭിച്ച ആൾ. കുഞ്ഞിക്കയുടെ കൈപ്പുണ്യത്തിൻെറ രുചി അറിയാത്ത സുഹൃത്തുക്കളും എഴുത്തുകാരും കുറവായിരിക്കും. പാചകത്തിൻെറ രുചിയിടങ്ങളിലേക്ക് ഓർമകളെ വിളിച്ചപ്പോൾ പറഞ്ഞു:

“ഇന്നലെ കിണ്ണത്തപ്പം കഴിച്ചു. നെയ്ച്ചോറും ചോറും ഇഡലിയും ദോശയുമെല്ലാം കഴിക്കാറുണ്ട്. പാചകം ഇല്ല. അതിന് ശരീരംകൊണ്ടും വയ്യ.”

ഇതിഹാസ സമാനമായ കഥാപാത്രങ്ങളിലൂടെ മലയാളിയുടെ നോവൽ അനുഭവങ്ങളിലേക്ക് ഒരു ഭൂഖണ്ഡംതന്നെ സൃഷ്ടിച്ച സ്മാരകശിലകളുടെ തുടർച്ചയായി ഒരു നോവൽ കുഞ്ഞിക്കയുടെ ആഗ്രഹമായിരുന്നു- ‘യാ അയ്യുഹന്നാസ്’ എന്നു പേരിട്ട ഒരു നോവൽ. സ്വന്തം ബാല്യം മുതൽ വാർധക്യകാലം വരെയുള്ള ഒരു കാലഘട്ടത്തെ അടയാളപ്പെടുത്തുന്ന രചന. ‘സ്മാരകശിലകളി’ൽ ഖാൻബഹദൂർ ആറ്റക്കോയ തങ്ങൾ മന്ത്രം ചൊല്ലി തീവണ്ടി നിർത്തിച്ച കാരക്കാട് സ്റ്റേഷനിൽനിന്ന് ആരംഭിക്കുന്ന നോവൽ. മുമ്പൊരിക്കൽ അതിനെക്കുറിച്ച് കുഞ്ഞബ്ദുള്ള പറഞ്ഞിരുന്നു: “റെയിൽവേ സ്റ്റേഷനിലെ സിമൻറ് ബെഞ്ചിൽ ഒരു പുലർകാലത്ത് ഒരു വൃദ്ധൻ കിടക്കുന്നു. അയാളുടെ ഊന്നുവടി ചാരിവെച്ചിരിക്കുന്നു. പലരും ആ വഴി കടന്നുപോകുന്നുണ്ട്. പക്ഷേ, ആരും അയാളെ ശ്രദ്ധിക്കുന്നേയില്ല. എന്നാൽ, ജുബ്ബ ധരിച്ച ഒരാൾ മാത്രം വൃദ്ധനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ജുബ്ബധാരി വൃദ്ധന് അടുത്തെത്തി. വെള്ളം കുടഞ്ഞ് അദ്ദേഹത്തെ ഉണർത്തി “ഇതാര് കുഞ്ഞബ്ദുള്ളയോ?”

തിരിച്ച് വൃദ്ധനും ചോദിക്കുന്നു: “ഇതാര് ശങ്കരക്കുറുപ്പ് മാഷോ?”

കഥാകാരൻ ആദ്യമായി അക്ഷരം നുകർന്ന കാരക്കാട് സ്കൂളും കഥാപാത്രമാകുന്നുണ്ട് നോവലിൽ. അവിടെ എഴുത്തും ഓത്തും പഠിക്കാനെത്തിയ കുട്ടിയുടെ കഥയാണ് ആദ്യ ഭാഗങ്ങളിൽ. പഠനദിനങ്ങളിലൊരിക്കൽ സ്കൂളിലെ പുസ്തകമെടുക്കാൻ കുട്ടിയായ കുഞ്ഞബ്ദുള്ള മറന്നുപോയി. അന്ന് രാമായണമാണ് പഠിക്കേണ്ടിയിരുന്നത്. പുസ്തകം കൊണ്ടുവരാത്തതിനെക്കുറിച്ച് ശങ്കരൻ മാഷ് ചോദിച്ചപ്പോൾ കുഞ്ഞബ്ദുള്ള പറഞ്ഞു, ഞാൻ പുസ്തകമില്ലാതെ വായിക്കാം. ഇത് കേട്ട് മറ്റു കുട്ടികൾ ചിരിച്ചു. കുഞ്ഞബ്ദുള്ള ചിരിച്ചില്ല. അവൻ പറഞ്ഞതുപോലെ പുസ്തകമില്ലാതെ വായിക്കുകയും ചെയ്തു. ‘ഇൻറലിജൻറ്’ എന്നൊരു ഇംഗ്ലീഷ് പദം അന്ന് ആദ്യമായി കുഞ്ഞബ്ദുള്ള കേട്ടു.

ശങ്കരക്കുറുപ്പ് മാഷിൻെറയും മൂസ മുസ്ലിയാരുടെയും കഥപറച്ചിൽ എവിടെയെത്തിയെന്ന് ചോദിച്ചു.

“നോവൽ എഴുതിയിട്ടില്ല. എഴുതണമെന്ന് ആഗ്രഹമുണ്ട്. പേന കൈയിലിരിക്കുന്നില്ല. ഓർമകൾ അനുസരിക്കുന്നില്ല.” ദൂരെ കടലിലേക്ക് നോക്കി കുഞ്ഞബ്ദുള്ള.

അഞ്ചു വർഷം മുമ്പ് സ്മാരകശിലകളുടെ ഭൂമിയിലേക്ക് കഥാകാരനും വി.ആർ. സുധീഷിനുമൊപ്പം ഒരു യാത്രപോയിരുന്നു. വടകരയിലെ തറവാടും ആദ്യമായി വാങ്ങിയ വീടും രോഗികളെ കണ്ടിരുന്ന ഡിസ്പെൻസറിയും കടലും പഴയ തറവാടും എല്ലാം പുനത്തിൽ നടന്നു കണ്ടിരുന്നു. ഓർമകളോടൊപ്പം മഴകൂടി കൂട്ടുവന്ന ആ യാത്രയെക്കുറിച്ച് ഓർമിപ്പിച്ചു.

“ഇനിയും ഒരിക്കൽ കൂടെ അങ്ങോട്ട് പോകണമെന്നുണ്ട്. കാരക്കാട് കാണണം. വടകരയിലെ പഴയ വീട് കാണണം. പഴയ ഓർമകളിലൂടെ...”

ഉള്ളിൽ ദുഃഖം നിറഞ്ഞതാണോ എന്നറിയില്ല, വാക്കുകൾ മുറിഞ്ഞു.

നിറയെ മുറികളുണ്ടായിരുന്ന പുനത്തിൽ തറവാട് അദ്ദേഹത്തിൻെറ ഓർമകൾക്കും എഴുത്തിനും എന്നും വളമായിരുന്നു. എണ്ണിയാൽ തീരാത്തത്ര മരങ്ങളും വിശാലമായ മുറ്റവും സർപ്പങ്ങളും പാമ്പുകളും, അണ്ണാൻ കാക്ക, മരംകൊത്തി, കുയിൽ, ചെമ്പോത്ത്, വണ്ണാത്തിപ്പുള്ള്, അടയ്ക്കാപ്പക്ഷി, തത്ത ഇവയെല്ലാമുള്ള തൊടി. നിറയെ മരങ്ങളായതിനാൽ പകൽ പോലും വീട്ടിൽ ഇരുട്ടാണ്. രാത്രിയാകുന്തോറും വീട്ടിലെ ഇരുട്ടിന് കനംവെച്ച് തുടങ്ങും. ഇതെല്ലാം കഥാകാരൻെറ മനസ്സിൽ മായാതെ വസിച്ചു. അലീഗഢിൽ പഠനത്തിന് പോയപ്പോൾ ഈ ഓർമകളാണ് കഥകൾക്ക് വളമായത്. ബർമയിൽനിന്ന് ബാപ്പ കൊണ്ടുവന്ന പതിനാലാം നമ്പർ വിളക്കു കത്തിച്ചുവെച്ചാണ് കുട്ടിയായ കുഞ്ഞബ്ദുള്ള എല്ലാ ദിവസവും ഉറങ്ങിയിരുന്നത്. ഉറക്കം വരുവോളം ചാച്ച (ബാപ്പയുടെ പെങ്ങൾ) ജിന്നിൻെറയും റൂഹാനികളുടെയും ഹൂറുൽ ഈങ്ങളുടെയും കഥകൾ പറഞ്ഞുകൊടുക്കും. കഥകേട്ട് കേട്ട് കഥ പറയാൻ കുഞ്ഞബ്ദുള്ള വശമായി. അങ്ങനെ പുനത്തിൽ കുഞ്ഞബ്ദുള്ളയെന്ന കഥാകാരനുണ്ടായി.

“നാട് ഒരിക്കൽകൂടി കാണണമെന്നുണ്ട്. വയനാടാണ് എന്നെ എപ്പോഴും മോഹിപ്പിച്ച് വിളിച്ചുകൊണ്ടിരിക്കുന്നത്. അവിടെയും പോകണം.”

ഉറക്കം കണ്ണുകളെയും ഓർമകളെയും മയക്കാൻ തുടങ്ങിയപ്പോൾ ഞങ്ങൾ യാത്ര പറഞ്ഞിറങ്ങി. പുറപ്പെടാൻ നേരം പറഞ്ഞു:

“എം.ടിയെ ഒന്ന് കാണണം. എൻെറ ഗുരുവാണ്. എൻെറ നോവൽ ആദ്യമായി പ്രസിദ്ധീകരിച്ച പത്രാധിപർ...”

“അലീഗഢിൽ വിദ്യാർഥിയായിരിക്കെ മാതൃഭൂമിയിൽ പത്തുപന്ത്രണ്ട് കഥകൾ പ്രസിദ്ധീകരിച്ചുവന്നു. അന്നു മുതലേ എം.ടിയുമായി സൗഹൃദമുണ്ടായിരുന്നു. അതിനാൽതന്നെ ‘സ്മാരകശിലകൾ’ മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചു വന്നാൽ തരക്കേടില്ല എന്നു തോന്നി. ഒരു വെള്ളിയാഴ്ച കോഴിക്കോട് പോയി എം.ടിയെ കണ്ടു. നോവലിൻെറ കാര്യം പറഞ്ഞു. ഉടനെ എത്തിക്കാൻ എം.ടി ആവശ്യപ്പെട്ടു. ആദ്യത്തെ 25 അധ്യായങ്ങൾ എം.ടിയെ ഏൽപിച്ചു. അന്നും കൂടുതൽ സംസാരിക്കുന്ന പതിവില്ല എം.ടിക്ക്. എന്നോട് മറുപടിയൊന്നും പറഞ്ഞില്ല. പ്രസിദ്ധീകരിക്കുമെന്ന് ഒരു പ്രതീക്ഷയുമില്ല. പക്ഷേ, അടുത്ത തിങ്കളാഴ്ചയുണ്ട് മാതൃഭൂമി പത്രത്തിൽ ഒരു പരസ്യം വന്നിരിക്കുന്നു. പരസ്യവാചകങ്ങൾ എം.ടി തന്നെ എഴുതിയതായിരുന്നു. അത് വല്ലാതെ ക്യാച്ച്ചെയ്യുന്നതായിരുന്നു. പരസ്യം വന്ന് താമസിയാതെ നോവൽ പ്രസിദ്ധീകരിച്ച് തുടങ്ങുകയും ചെയ്തു.” *(കോഴിക്കോട് ഒരോർമപ്പുസ്തകം)*

ഫ്ലാറ്റിൽനിന്ന് ഇറങ്ങുമ്പോഴും കടൽകാറ്റ് മുറിയിലേക്ക് പതുക്കെ കഥാകാരനെ തേടിവരുന്നുണ്ടായിരുന്നു. ●




സിംഗപ്പൂരിൽനിന്നൊരു മലയാളി സംവിധായിക
നഹീമ പൂന്തോട്ടത്തിൽ



02

റസാഖ് എന്ന ഓർമച്ചിത്രം
ഇബ്രാഹിം കോട്ടക്കൽ



04





സിനിമ

# സിംഗപ്പൂരിൽനിന്നൊരു മലയാളി സംവിധായിക



ശിൽപ കൃഷ്ണൻ ശുക്ല ● ചിത്രം: പ്രകാശ് കരിമ്പ

നഹീമ പൂന്തോട്ടത്തിൽ

തൃശൂരിൽ ജനിച്ച് സിംഗപ്പൂരിൽ ഉന്നതപഠനം നേടി അവിടത്തന്നെ വിവാഹിതയായി ജീവിതം നയിക്കുന്ന ശിൽപ കൃഷ്ണൻ ശുക്ലക്ക് സംവിധാനം വെറുമൊരു നേരംപോക്കല്ല. സിംഗപ്പൂരിലെ പ്രശസ്ത കമ്പനിയിൽ ഗ്ലോബൽ മാർക്കറ്റിങ് ഡയറക്ടറായി ജോലിചെയ്യുന്ന ശിൽപ ഇതിനകം നിരവധി ചിത്രങ്ങൾ ചെയ്തുകഴിഞ്ഞു. 'കോഴിക്കോട്ട് പുലരും ഇനിയും നാളെകൾ' എന്ന തൻെറ സിനിമയുടെ പ്രദർശനത്തിനെത്തിയ സംവിധായികയുമായി സംസാരിച്ചപ്പോൾ...

പത്താം ക്ലാസു കഴിഞ്ഞ് ഉന്നതപഠനത്തിനായി സിംഗപ്പൂരിലേക്ക്. പഠനത്തോടൊപ്പം നാടകാഭിനയത്തോടും ഇഷ്ടം തോന്നിയപ്പോൾ ഒരു രസത്തിന് കൂട്ടുകാരോടൊപ്പം ചേർന്ന് ചില്ലറ നാടകപ്രവർത്തനങ്ങൾ തുടങ്ങി. അരങ്ങിനു മുന്നിലായിരുന്നു തുടക്കമെങ്കിലും പിന്നിൽനിന്ന് നയിക്കുകയാണ് തനിക്കുപറ്റിയതെന്ന് പിന്നീട് തിരിച്ചറിഞ്ഞു. അവിടെയാണ് ശിൽപ കൃഷ്ണൻ ശുക്ലയെന്ന സംവിധായികയുടെ ജനനം. സിംഗപ്പൂരിലെ അബോട്ട് ഹെൽത്ത്കെയർ കമ്പനിയിൽ ഗ്ലോബൽ മാർക്കറ്റിങ് ഡയറക്ടറായി ജോലിചെയ്യുന്ന ശിൽപ ഇടവേളയായി കിട്ടുന്ന സമയം മുഴുവൻ സിനിമക്കായി മാറ്റിവെച്ചിരിക്കുകയാണ്. കഥയെഴുത്തും തിരക്കഥ തയാറാക്കലും സംവിധാനവും നിർമാണവുമെല്ലാം ഈ തൃശൂർകാരിയുടെ കൈകളിൽ ഭദ്രം.

**പഠനത്തോടൊപ്പം നാടകാഭിനയത്തോടും ഇഷ്ടം തോന്നിയപ്പോൾ രസത്തിന് കൂട്ടുകാരോടൊപ്പം ചില്ലറ നാടകപ്രവർത്തനങ്ങൾ തുടങ്ങി. അരങ്ങിനു മുന്നിലായിരുന്നു തുടക്കമെങ്കിലും പിന്നിൽനിന്ന് നയിക്കുകയാണ് തനിക്കുപറ്റിയ പണിയെന്ന് പിന്നീട് തിരിച്ചറിഞ്ഞു. അവിടെയാണ് ശിൽപ കൃഷ്ണൻ ശുക്ലയെന്ന സംവിധായികയുടെ ജനനം**

## നന്മനിറഞ്ഞ ചിത്രങ്ങൾ

തിയറ്ററിൽ പ്രദർശിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയല്ല ശിൽപ സിനിമയെടുക്കുന്നത്. തൻേറതായ സന്തോഷത്തിനുവേണ്ടിയും ഒഴിവു സമയം സർഗാത്മകമായി വിനിയോഗിക്കാനുമാണ്. 2008ൽ ഒരു ഓൺലൈൻ ചലച്ചിത്രമേളയിലേക്കായി തയാറാക്കിയ ഒരു മിനിറ്റ് ദൈർഘ്യമുള്ള രണ്ട് ഹ്രസ്വചിത്രങ്ങൾ മികച്ച 25 എണ്ണത്തിലിടം പിടിച്ചപ്പോഴാണ് തന്നിലൊരു സിനിമാക്കാരിയുണ്ടെന്നകാര്യം ശിൽപയുടെ ഉള്ളിലെത്തുന്നത്. അതിനുശേഷം മോസം (2011) എന്ന ഇംഗ്ലീഷ് ചിത്രം ചെയ്തു. ഇന്ത്യയിലെയും ബംഗ്ലാദേശിലെയും യു.എസിലെയും വിവിധ മേളകളിൽ പ്രദർശിപ്പിച്ച ചിത്രം 2011ലെ നെവാദ ഫിലിംഫെസ്റ്റിലെ(യു.എസ്) സിൽവർ സ്ക്രീൻ അവാർഡും നേടി. സിനിമയെടുക്കണമെന്ന് അതിയായി ആഗ്രഹിച്ച ഒരു സംഘം ആളുകളുടെ സ്വപ്നസാഫല്യം കൂടിയായിരുന്നു ഈ കുറഞ്ഞ ബജറ്റ് ചിത്രം. ഋതുക്കൾപോലെ മാറിമാറി വരുന്നതാണ് ജീവിതമെന്നും എന്നാൽ, ഏത് ഋതുവിനെയും നിങ്ങളുടെ ജീവിതവുമായി എളുപ്പത്തിൽ ബന്ധിപ്പിച്ചു നിർത്താനാവുമെന്നുമാണ് ചിത്രം പറഞ്ഞുവെക്കുന്നത്. 2012ൽ ഇറങ്ങിയ 'ഇങ്ങനെയും ഒരു കഥ' എന്ന ചിത്രം യൂട്യൂബിൽ വലിയ ശ്രദ്ധ പിടിച്ചുപറ്റി. വ്യത്യസ്ത രീതിയിൽ ജീവിക്കുന്ന മൂന്ന് ദമ്പതിമാരുടെ കഥയാണ് ചിത്രത്തിൽ പറയുന്നത്.

2014ൽ പുറത്തിറക്കിയ അരവിന്ദും ആറുമുഖവും എന്ന ഹ്രസ്വചിത്രം തമിഴനും മലയാളിയുമായ രണ്ടുപേർക്കിടയിലെ ബന്ധമാണ് വർണിക്കുന്നത്. നർമത്തിന് പ്രാധാന്യം നൽകി തയാറാക്കിയ അത്താഴം (2015) എന്ന ചിത്രവും യൂട്യൂബിൽ ശ്രദ്ധിക്കപ്പെട്ടു. കഴിഞ്ഞ വർഷമിറങ്ങിയ പുലരും ഇനിയും നാളെകൾ എന്ന ചിത്രം അന്താരാഷ്ട്രതലത്തിൽ 27 ചലച്ചിത്രമേളകളിൽ പ്രദർശിപ്പിക്കപ്പെട്ടു. ബിഹാറിലെ ദർഭംഗ ഇൻറർനാഷനൽ ഫിലിംഫെസ്റ്റിവലിൽ ഈ വർഷത്തെ മികച്ച സിനിമക്കും സംവിധാനത്തിനുമുള്ള അവാർഡ്, നെവാദ ഫിലിംഫെസ്റ്റിവലിൽ മികച്ച വിദേശചിത്രത്തിനുള്ള അവാർഡ് (2016), ഇൻറർനാഷനൽ യൂറോ ഫിലിംഫെസ്റ്റിവലിൻെറ സമ്മർ എഡിഷനിൽ മികച്ച ചിത്രത്തിനും ഛായാഗ്രഹണത്തിനുമുള്ള അവാർഡ് (2016), കാനഡയിലെ സിനിമ വേൾഡ്ഫെസ്റ്റ് അവാർഡിൻെറ ഓട്ടം എഡിഷനിൽ മികച്ച സംഗീതത്തിനുള്ള അവാർഡ് (2016) തുടങ്ങി നിരവധി പുരസ്കാരങ്ങളാണ് ഈ ചിത്രത്തെ തേടിയെത്തിയത്. വിവാഹിതരാവാൻ തീരുമാനിച്ച് അവസാനനിമിഷം തീരുമാനം മാറ്റേണ്ടി വന്ന രണ്ട് പ്രണയിതാക്കൾ പരസ്പരം പിരിഞ്ഞ് വർഷങ്ങൾക്കുശേഷം അവിചാരിതമായി കണ്ടുമുട്ടുന്നതാണ് സിനിമയുടെ ഇതിവൃത്തം. ഗൗരവമേറിയ സംഭവങ്ങളൊന്നും പ്രതിപാദിക്കാതെ വളരെ ലളിതമായ പ്രമേയം ചർച്ച ചെയ്യുന്ന ചിത്രങ്ങളാണ് ശിൽപയുടെ ഓരോ സിനിമയും. ഇക്കാര്യത്തിൽ സംവിധായികക്കു പറയാനൊരു കാരണമുണ്ട്. തൻെറ ചിത്രങ്ങൾ കണ്ടുതീരുമ്പോൾ എല്ലാവരിലും ഒരു സന്തോഷം വിടരണമെന്ന ആഗ്രഹമാണ് ഇതിനുപിന്നിൽ. സംവിധാനം ചെയ്യാൻ മാത്രമല്ല, തനിക്ക് കാണാനും ഇത്തരം ചിത്രങ്ങളാണ് ഇഷ്ടമെന്ന് അവർ പറയുന്നു.

മഹേഷിൻെറ പ്രതികാരം എത്ര മനോഹരമായ സിനിമയാണ്. അതിലെ വിഷയം ഏറെ ലളിതമാണ്. മാത്രമല്ല, ഇപ്പോൾ ടി.വി തുറന്നാലും പത്രം വായിച്ചാലുമെല്ലാം നെഗറ്റിവ് ആയ കാര്യങ്ങളാണ് നമ്മുടെ മുന്നിലെത്തുന്നത്. സിനിമയിലും അതെ, ഇക്കാര്യം എൻെറ ചിത്രങ്ങളിലെങ്കിലും ഒഴിവാക്കണമെന്ന് എനിക്കു തോന്നാറുണ്ട്. അതുകൊണ്ടാണ് ഇത്തരം ഫീൽ ഗുഡ് ചിത്രങ്ങൾ ചെയ്യുന്നത്' ശിൽപ കൂട്ടിച്ചേർത്തു.

## സെൻസറിങ് ഇന്ത്യയിലും സിംഗപ്പൂരിലും

സിംഗപ്പൂരിലെയും ഇന്ത്യയിലെയും സെൻസർ സർട്ടിഫിക്കേഷൻ വ്യത്യസ്തമാണ്. യു (എല്ലാവർക്കും കാണാവുന്ന നിയന്ത്രണമില്ലാത്തത്), യു/എ (12 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് രക്ഷിതാക്കളുടെ മേൽനോട്ടത്തിൽ കാണാവുന്നത്), എ (മുതിർന്നവർക്കുമാത്രം കാണാവുന്നത്), എസ് (പ്രത്യേക വിഭാഗത്തിനുമാത്രം കാണാവുന്നത്) എന്നിങ്ങനെയാണ് ഇന്ത്യയിലെ സെൻസർ സർട്ടിഫിക്കറ്റുകൾ. എന്നാൽ, സിംഗപ്പൂരിൽ കുറെക്കൂടി വർഗീകരണങ്ങൾ ഈ മേഖലയിലുണ്ട്. ജി (എല്ലാ പ്രായക്കാർക്കും കാണാവുന്നത്), പിജി(രക്ഷിതാക്കളുടെ മേൽനോട്ടത്തിൽ കാണാവുന്നത്), പിജി13(13 വയസ്സിനുതാഴെയുള്ളവർക്ക് രക്ഷിതാക്കളുടെ മേൽനോട്ടത്തിലും മറ്റുള്ളവർക്ക് നിയന്ത്രണങ്ങളില്ലാതെയും കാണാവുന്നത്), എൻസി 16(16 വയസ്സിനുമുകളിലുള്ളവർക്ക് മാത്രമുള്ളത്), എം18(18നുമുകളിലുള്ളവർക്ക് മാത്രം), ആർ21 (21 നുമുകളിലുള്ളവർക്കുമാത്രം) എന്നിങ്ങനെയാണ് വിവിധ വർഗീകരണങ്ങൾ. സിംഗപ്പൂരിലേതുപോലെ കുറെക്കൂടി വർഗീകരണങ്ങൾ വേണമെന്നാണ് ശിൽപയുടെ പക്ഷം. സെൻസറിങ്ങിലുണ്ടാവുന്ന ആശയക്കുഴപ്പങ്ങളൊഴിവാക്കാൻ ഇത് സഹായിക്കും. ഇവിടെ പുലിമുരുകന് ലഭിച്ചത് യു സർട്ടിഫിക്കറ്റ് ആണെങ്കിൽ അവിടെ ഒരുപക്ഷേ, ലഭിക്കുക പി.ജി ആയിരിക്കും. എസ്രക്കും യു കിട്ടാനിടയില്ല. കാരണം ഇതിനകത്ത് പലയിടങ്ങളിലും കുട്ടികളിൽ ഭീതിയുളവാക്കുന്ന രംഗങ്ങളുണ്ട്. അവിടെ കുട്ടി പ്രേക്ഷകർക്ക് വലിയ പരിഗണനയുണ്ട്. ഇന്ത്യയിലേതുപോലെ മതപരമായ സംജ്ഞകളും സെൻസറിങ്ങും തമ്മിൽ വലിയ കലഹമില്ലെന്നും ശിൽപ പറയുന്നു. ഒരു ചെറിയ ഭൂവിഭാഗത്തിൽ കുറെപ്പേർ മതസൗഹാർദത്തോടെ ജീവിക്കുന്ന ഇടമാണ് സിംഗപ്പൂർ. അവിടെ മതപരമായ അസഹിഷ്ണുതയുളവാക്കുന്ന ചിത്രങ്ങൾ നിർമിക്കാൻ ആരും തയാറാവില്ല. ആവിഷ്കാര സ്വാതന്ത്ര്യത്തിൻെറ പേരുപറഞ്ഞ് കലാകാരന്മാർ ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടാറില്ലെന്നും ശിൽപ പറയുന്നു.




'പുലരും ഇനിയും നാളെകൾ' സിനിമയുടെ പോസ്റ്റർ

## അവസരം ഉപയോഗിക്കാൻ സ്ത്രീകൾ തയാറാവണം

സ്ത്രീകൾ അയ്യോ പാവം എന്നുപറഞ്ഞിരിക്കുന്നതാണ് അവർക്കുനേരെയുള്ള ആക്രമണങ്ങൾ വർധിക്കാൻ കാരണമെന്ന് ശിൽപ അഭിപ്രായപ്പെടുന്നു. പലപ്പോഴും നമ്മളിൽ പലരും അൺറെപ്രസൻറഡ് ആണ്. അർഹിക്കുന്ന ബഹുമാനമോ ആദരമോ ലഭിക്കുന്നില്ല. സ്ത്രീയെ രണ്ടാംതരക്കാരിയായി കാണുന്നവരോടും നിന്ദിക്കുന്നവരോടും ശക്തമായ ഭാഷയിൽ പ്രതികരിക്കേണ്ടതുണ്ട്. ബഹുമാനം കിട്ടുന്നില്ലെങ്കിൽ കിട്ടുന്നതുവരെ അതാവശ്യപ്പെടണം. ഒരു കാര്യത്തിലും പിന്തിരിഞ്ഞ് നിൽക്കേണ്ട കാര്യമില്ല. അവസരങ്ങൾ സൃഷ്ടിക്കാനും അവ വിവേകപൂർവം ഉപയോഗിക്കാനും സ്ത്രീകൾ തയാറാവണമെന്നും അവർ പറയുന്നു. ഇക്കാര്യത്തിൽ താൻ ഭാഗ്യവതിയാണെന്നും സിനിമ രംഗത്താണെങ്കിലും ജോലി സ്ഥലത്താണെങ്കിലും സ്ത്രീയെന്ന പേരിലുള്ള പ്രശ്നങ്ങളോ പ്രതിസന്ധികളോ ഉണ്ടായിട്ടില്ലെന്നാണ് ശിൽപയുടെ സാക്ഷ്യം. സ്ഥിരം ടീമാണ് എല്ലാ സിനിമയിലും ജോലിചെയ്യുന്നത്. എല്ലാവരും അടുത്ത സുഹൃത്തുക്കളാണ്. സിംഗപ്പൂരിൽ ജോലിചെയ്യുന്ന കാൺപൂർ സ്വദേശിയായ ശിവാനു ശുക്ലയാണ് ശിൽപയുടെ ഭർത്താവ്. മൂന്നു വയസ്സുകാരി ഏക ശുക്ലയാണ് മകൾ. തൃശൂർ പഴയനടക്കാവ് 'ശിൽപ'ത്തിൽ മുൻ ബാങ്ക് ഉദ്യോഗസ്ഥനായ വെങ്കിടകൃഷ്ണൻെറയും വീട്ടമ്മയായ സുധയുടെയും മകളാണ് ശിൽപ.ക്ലാസിക്കൽ ഡാൻസ്, യോഗപരിശീലനം എന്നീ മേഖലകളിലും ഇവർ കഴിവു തെളിയിച്ചിട്ടുണ്ട്.




# കത്തുകൾ

### ചൂരക്കിനാവ് പറഞ്ഞ കഥ

വാരാദ്യ മാധ്യമത്തിൽ (ലക്കം 1509) ജിഷ എലിസബത്ത് എഴുതിയ 'ചൂരക്കിനാവ്' ഹൃദ്യമായിരുന്നു. കടലിനോടും കാറ്റിനോടും പൊരുതിജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മൊത്തം വേദനയാണ് ചൂരക്കിനാവ് പറഞ്ഞുതന്നത്. സമൂഹം വേണ്ട പരിഗണന നൽകാത്ത ജനവിഭാഗമാണ് അവർ. ഇത്തരം തീക്ഷ്ണമായ ജീവിതാനുഭവങ്ങൾ വായനക്കാരുടെ മുന്നിലെത്തിച്ച ലേഖികക്കും വാരാദ്യ മാധ്യമത്തിനും അഭിനന്ദനങ്ങൾ.
സി.പി. ഫാത്തിമ ഷഹ്‍ല, നല്ലളം

### നീറ്റലുണ്ടാക്കിയ വായനാനുഭവം

ജിഷ എലിസബത്ത് എഴുതിയ 'ചൂരക്കിനാവ്' മികച്ച വായനാനുഭവമായിരുന്നു. വായിച്ചുതീർന്നപ്പോൾ വല്ലാത്ത നീറ്റൽ മനസ്സിലുണ്ടായി. ജീവൻപോലും പണയംവെച്ച്, അന്നത്തിനായി കടലിൻെറ മക്കൾ നടത്തുന്ന സാഹസത്തെ ലേഖനം ഹൃദയസ്പർശിയായി വരച്ചുകാട്ടുന്നു. മികച്ച ഭാഷയും അവതരണവും.
വി.എച്ച്. അനീഷ്, പൈത്തിനിപ്പറമ്പ്, മലപ്പുറം

### ചൂരക്ക് പിന്നാലെ പോയ സ്വപ്നങ്ങൾ

ചൂര എന്ന മീനിനു പിറകെ കാതങ്ങളോളം താണ്ടി പവിഴദ്വീപിൽ അകപ്പെട്ട 32 മത്സ്യത്തൊഴിലാളികളുടെ ജീവിതം പറഞ്ഞ 'ചൂരക്കിനാവ്' ഗംഭീരമായി. യഥാർഥ ജീവിതമാണോ കഥയാണോ എന്ന് തിരിച്ചറിയാൻ സാധ്യമാകാത്ത വിധം സംഭവബഹുലമായിരുന്നു അവരുടെ തടവുജീവിതവും അതിൽനിന്നുള്ള ഉയിർത്തെഴുന്നേൽപും. നാട്ടിലെത്തിയിട്ടും അവരുടെ ദുരിതത്തിന് അയവില്ല എന്നുപറഞ്ഞാണ് ലേഖനം അവസാനിക്കുന്നത്. ഭരണകൂടവും മനുഷ്യസ്നേഹികളും ആ പാവങ്ങൾക്കൊപ്പം നിന്നേ തീരൂ.
ഫായിസ് കളത്തൊടി, മുണ്ടുമുഴി

### ഖാൻ സാബിൻെറ ജീവിതം

സുരേഷ് വാസുദേവ് എഴുതിയ 'പെഷാവറിൽനിന്നുള്ള വിവാഹ ക്ഷണക്കത്ത്' മികച്ചതായി. ചാറ്റൽമഴ പെയ്തു കൂട്ടിയ വെള്ളക്കെട്ടിൽനിന്ന് വിവാഹ ക്ഷണക്കത്തിനെ നോക്കി ചാറ്റൽമഴ തൻെറ സഹാനുഭൂതി അറിയിക്കുന്നുണ്ട്. ഖാൻ സാബിനെയും അദ്ദേഹത്തിൻെറ കുടുംബത്തെയും പ്രിയപ്പെട്ട പുത്രി ഷെർനാസിനെയും വിങ്ങലോടെയാണ് വായിച്ചത്.
അബ്ദുല്ല കോട്ടിക്കുളം, കാസർകോട്

### അതിരുകളിടാത്ത മനുഷ്യബന്ധം

പെഷാവറിലെ ഖാൻ സാബിൻെറ കഥ മനസ്സിനെ നോവിച്ചു. അതിരുകളിടാത്ത മനുഷ്യബന്ധം ഓരോ ജീവിതത്തെയും അടുത്തറിയാൻ നിമിത്തമാകുന്നു. ലേഖകനെപ്പോലെ പ്രവാസജീവിതത്തിൻെറ 'പൊടിക്കാറ്റ്' അനുഭവിച്ചവർക്ക് ഇതൊരു കാഴ്ചപോലെയായി. ലേഖകനും വാരാദ്യ മാധ്യമത്തിനും അഭിനന്ദനങ്ങൾ.
മുജീബ് എളേറ്റിൽ

### ലളിതം, സരസം

പ്രശാന്ത് ടി. വള്ളിക്കുന്ന് എഴുതിയ കഥ ആർ.കെ.മൂസിൻെറ കിണർ വളരെ ഹൃദ്യമായി. അവസരോചിതമായ കഥ. പല നാട്ടിൻപുറങ്ങളിലും കാണുന്ന നിത്യകാഴ്ചയാണ് ദാഹജലത്തിനുവേണ്ടി ജനം നെട്ടോട്ടമോടുന്നത്. ഇത് വളരെ ലളിതമായി, സരസമായി വായനക്കാരിൽ എത്തിച്ച കഥാകൃത്തിനും വാരാദ്യ മാധ്യമത്തിനും അഭിനന്ദനങ്ങൾ.
ടി. മുഹമ്മദലി, മങ്ങാട്

### സമകാലിക പ്രസക്തിയുള്ള കഥ

പ്രശാന്ത് വള്ളിക്കുന്ന് എഴുതിയ 'ആർ.കെ. മൂസിൻെറ കിണർ' എന്ന കഥ സമകാലിക പ്രസക്തിയുള്ളതാണ്. വിദ്യകൊണ്ട് നേടേണ്ടത് നേടിയെടുക്കാത്ത വിദ്യാഭ്യാസത്തിന് എന്ത് അർഥമാണുള്ളതെന്ന് കഥാകൃത്ത് ഉദ്ദേശിച്ചിട്ടുണ്ടാകണം.
സവാദ് ടി.എൻ. പുരം

**വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം.**
whatsapp: **9645006105**, e-mail: **varadyam@madhyamam.in**
തപാൽ വിലാസം: **പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്,പി.ഒ. കോഴിക്കോട് -12**

യാത്ര

# തവാങ് എന്ന സുന്ദരി

ഇംതിയാസ് മെഹ്ദി


'ദുർഘട പാത, അതിമനോഹര അനുഭവം' എന്നാണ് തവാങ്ങിനെക്കുറിച്ച് ഒറ്റവാക്കിൽ പറയാനാവുക. ഭൂട്ടാനോടും ചൈനയോടും ചേർന്നാണ് ഈ ഹിമാലയൻ പ്രദേശം നിലനിൽക്കുന്നത്. ഈ പ്രദേശം എന്തുകൊണ്ട് സഞ്ചാരികളുടെ കണ്ണിൽനിന്ന് നാണംകുണുങ്ങി മാറിനിന്നുവെന്നറിയാൻ ഇന്ത്യയുടെ ഭൂപടം പരിശോധിച്ചാൽ മതി. ഉത്തരേന്ത്യയും കശ്മീരുമടക്കം വടക്കൻ യാത്രകൾ സഞ്ചാരികളുടെ നിത്യകേന്ദ്രങ്ങളാണ്. എന്നാൽ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ സഞ്ചാരികളുടെ തള്ളിച്ചയില്ല എന്നു തന്നെ പറയാം. ഇനി അഥവാ നോർത്ത് ഈസ്റ്റ് ആരെങ്കിലും സന്ദർശിച്ചാൽ തന്നെ ദുർഘടമായ യാത്ര കാരണം തവാങ് തെരഞ്ഞെടുക്കാറുമില്ല. അപ്പോഴാണ് ഞങ്ങൾ 25 പേർ 15 ദിവസം നീണ്ടുനിന്ന നോർത്ത് ഈസ്റ്റ് യാത്രയുടെ അവസാനം തവാങ് എന്ന ഭൂമിയിലെ കൊച്ചു സ്വർഗത്തിലെത്തുന്നത്.

## കേട്ടറിഞ്ഞ ഹിമാലയത്തിലേക്ക്

നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളുടെ മുഖമുദ്രയിൽ ഒന്നാണ് ഗതാഗത പ്രശ്നങ്ങൾ. ഗുവാഹതി വിട്ടാൽ പിന്നെയെല്ലാം പേരിനു മാത്രമാണ്. സ്വകാര്യ വാഹനങ്ങളെ ആശ്രയിക്കുകയാണ് ഏകവഴി. രാവിലെ തന്നെ സാധനങ്ങൾ കെട്ടിവെച്ച് യാത്രയാരംഭിച്ചു. ടാറിട്ട റോഡുകളിലൂടെ ആരംഭിച്ച യാത്ര താഴ്വരകളിലൂടെ മുന്നോട്ടു നീങ്ങി. ഇരപിടിക്കാൻ നാവു നീട്ടിയപോലെ മരണം കാത്തിരിക്കുന്ന ചെങ്കുത്തായ വഴികളിൽ അസാമാന്യ പാടവത്തോടെ തവാങ്ങുകാരനായ ഡ്രൈവർ വാഹനമോടിക്കുന്നത് ഒരൽപം അദ്ഭുതത്തോടെയും അതിലേറെ പേടിയോടെയും നോക്കിനിന്നു. നാട്ടുവർത്തമാനങ്ങൾ പറഞ്ഞ് നേരം പോയതറിഞ്ഞില്ല. ഡ്രൈവറുമായി സംസാരിക്കാൻ ശ്രമിച്ചപ്പോൾ തണുത്ത പ്രതികരണമാണ് ലഭിച്ചത്. പക്ഷേ, 21കാരനായ അവൻെറ വിവാഹത്തെക്കുറിച്ച് ചോദിച്ചപ്പോൾ വാചാലനായി. അവൻെറ പ്രണയം തണുത്ത കാറ്റുപോൽ പെയ്തിറങ്ങി. തവാങ്ങിലേക്കുള്ള ഈ വഴിയിൽ പ്രധാന കാഴ്ചകളിലൊന്നാണ് പട്ടാള ക്യാമ്പുകൾ. പച്ച ഷീറ്റ് വിരിച്ച ക്യാമ്പുകൾ മഞ്ഞിൽപുതഞ്ഞ് കിടക്കുന്നുണ്ട്. ടാറിട്ട റോഡുകൾ മെല്ലെ അവസാനിക്കാൻ തുടങ്ങി. ചളിയും മണ്ണും വെള്ളവും കുഴച്ചിട്ട റോഡിലൂടെ തെന്നിവീഴാതെ നടക്കും പോലെയാണ് വാഹനം നീങ്ങുന്നത്. ഉറപ്പില്ലാത്ത മലഞ്ചെരുവുകൾ ഇപ്പോൾ വീഴുമെന്ന പോലെ ഭയപ്പെടുത്തുന്നു. ഇടിഞ്ഞുവീണ കല്ലുകളും മണ്ണും പലയിടങ്ങളിലായി വഴിമുടക്കി. പട്ടാളം വന്നു വഴി നന്നാക്കിയ ശേഷമാണ് പലപ്പോഴും യാത്ര തുടരാനായത്. സാധാരണ ദുർഘടമായ പാതകളിലൂടെ സ്ഥിരം വാഹനമോടിക്കുന്ന ഡ്രൈവർമാർ, ഭയപ്പെടുന്ന യാത്രക്കാർക്ക് ധൈര്യം കൊടുക്കാറുണ്ട്. എന്നാൽ, ഞങ്ങൾ ഡ്രൈവറോടു ചോദിച്ചപ്പോൾ കിട്ടിയ മറുപടി വ്യത്യസ്തമായിരുന്നു, "ഇതിങ്ങനെത്തന്നെയാണ്, മണ്ണിടിഞ്ഞുവീണാൽ ചുരത്തിൽ കുടുങ്ങി. പിന്നെ പട്ടാളം വന്ന് നന്നാക്കും വരെ ഇവിടെയിരിക്കാം. ഓരോ യാത്രയും വെല്ലുവിളിയാണ്. മഴക്കാലമാണെങ്കിൽ പറയുകയും വേണ്ട". ഇതും പറഞ്ഞ് അവൻ ശ്രദ്ധയോടെ വണ്ടിയോടിച്ചു. നേരം ഇരുട്ടിത്തുടങ്ങി. വഴി മോശമായതിനാൽ യാത്ര വളരെയേറെ വൈകിയിരുന്നു. ഇന്ത്യയിലെ ഏറ്റവും തണുപ്പേറിയ സഞ്ചാര യോഗ്യമായ പ്രദേശങ്ങളിലൊന്നായ സേലാപാസിൻെറയും തടാകത്തിൻേറയും മനോഹരമായ കാഴ്ച കാണാനാവില്ലെന്ന് ഡ്രൈവർ പറഞ്ഞു. ഇരുട്ടായപ്പോൾ തണുപ്പിന് മൂർച്ചകൂടി വന്നു. വാഹനം കുത്തനെ കയറാൻ തുടങ്ങി. ഇയാൾ വഴി തെറ്റിച്ച് ഞങ്ങളെ കൊല്ലാൻ കൊണ്ട് പോവുകയാണോ എന്ന് ഭയപ്പെടുമാറ് അപകടവും ചെങ്കുത്തായതുമായ വഴിയിലൂടെയാണ് മുന്നോട്ട് പോകുന്നത്. പകൽ വെളിച്ചത്ത് കണ്ടതുവെച്ച് ഒരുവശത്തെ കൊല്ലിയും ഒരുവശത്തെ ഇടിയാറായ മലയും ഊഹിച്ചു. മഞ്ഞു കാരണം ഒന്നും കാണാതാവുകയും വണ്ടി കുത്തനെ കയറുകയും തെന്നിവീഴുമോ അഗാധമായ കൊക്കയിലേക്കെന്ന ഭയം കാരണം തുറന്നുപിടിച്ച കണ്ണുകളും ഏതാണ്ട് നിലച്ച ശ്വാസവുമായി ഞങ്ങൾ മുറുക്കിപ്പിടിച്ചിരുന്നു. കളിയും ചിരിയും തമാശയുമെല്ലാം നിലച്ചുപോയിരുന്നു. കൂനിന്മേൽ കുരുവായി വണ്ടി കേടാവലും. തണുപ്പാസ്വദിക്കാൻ വന്ന ഞങ്ങളെ തണുപ്പ് തുളച്ചുകയറി ആക്രമിച്ച് മരവിപ്പിച്ച് നിർത്തി. എന്നിട്ടും വണ്ടി കുത്തനെ കയറിക്കൊണ്ടിരിക്കുകയാണ്. പിന്നീടുള്ള കാഴ്ചകൾ കാണാൻ കഴിഞ്ഞില്ല. കാരണം, കണ്ണും ചെവിയും മൂക്കും എല്ലാം കോട്ടിനകത്തായിരുന്നു. നാവിലാവട്ടെ പ്രാർഥനകളും. രാവിലെ നാലു മണിക്കു പുറപ്പെട്ട യാത്ര രാത്രി 11 മണിയോടെ തവാങ് എന്ന കൊച്ചു നഗരത്തിൽ സുരക്ഷിതമായി എത്തിച്ചേർന്നു.

## തവാങ്ങിലെ ബുദ്ധാശ്രമം

നേരം നേരത്തേ വെളുത്തു. ആദ്യം പോയത്, തവാങ്ങിലെ മുഖ്യാകർഷണമായ ബുദ്ധാശ്രമത്തിലേക്കായിരുന്നു. ഏഷ്യയിലെ രണ്ടാമത്തേതും ഇന്ത്യയിലെ ഏറ്റവും വലുതുമാണ് തവാങ്ങിലെ ബുദ്ധാശ്രമം. 1962ലെ ഇന്ത്യ-ചൈന യുദ്ധത്തിൽ ആറു മാസത്തോളം തവാങ് ആശ്രമം ചൈനയുടെ കൈയിലായിരുന്നു. ഇന്ത്യയുടേതല്ല, തിബത്തിൻേറത് എന്നാണു ചൈന കാരണം പറഞ്ഞത്. വിലപ്പെട്ട പുരാതന ഗ്രന്ഥങ്ങളുള്ള ലൈബ്രറിയും 60ലധികം കെട്ടിടങ്ങളുമുള്ള ഈ ആശ്രമം ഒരു കോട്ടയുടെ മാതൃകയിലാണ് നിർമിച്ചിട്ടുള്ളത്. പ്രത്യേക പ്രാർഥനാമുറിയിലെ അലങ്കരിച്ച ബുദ്ധ പ്രതിമയും മറ്റലങ്കാര വസ്തുക്കളും മറക്കാനാവാത്ത കാഴ്ച സമ്മാനിച്ചു. പ്രാർഥനാമുറിയിൽനിന്ന് പുറത്തിറങ്ങിയപ്പോഴാണ് മനോഹര സംഗീതം കേട്ടത്. ആ മലഞ്ചരുവിൽ കോടമഞ്ഞിൽ നൂറുകണക്കിന് ആശ്രമ വിദ്യാർഥികൾ ചിട്ടയിൽ അണിനിരന്ന് പ്രാർഥന ചൊല്ലുന്നു. മൊട്ടയടിച്ച് ചുവപ്പുടുത്ത് ചെറിയ കുട്ടികൾ മുതൽ അണിനിരന്ന പ്രാർഥന ഇന്നും കൺമുന്നിൽ കാണുന്ന വിധം മനസ്സ് കോരിയെടുത്തു.



തവാങ്ങിലെ ബുദ്ധാശ്രമത്തിലെ വിദ്യാർഥികൾ പ്രാർഥനയിൽ

**തവാങ് എന്തുകൊണ്ട് സഞ്ചാരികളുടെ കണ്ണിൽനിന്ന് നാണംകുണുങ്ങി മാറിനിന്നുവെന്നറിയാൻ ഇന്ത്യയുടെ ഭൂപടം പരിശോധിച്ചാൽ മതി**

## വാർ മെമോറിയൽ

തവാങ് ഏതൊരു സഞ്ചാരിക്കും ഒരുക്കിവെച്ച കാഴ്ചയുടെ വസന്തവും ഓർമയുടെ പൂക്കാലവുമാണ് 1962ൽ ഇന്ത്യ-ചൈന യുദ്ധത്തിൽ കൊല്ലപ്പെട്ട ഇന്ത്യൻ പട്ടാളക്കാരുടെ സ്മാരകമായ തവാങ് വാർ മെമോറിയൽ. ഇന്ത്യ-ചൈന യുദ്ധത്തിലെ ചോര തളംകെട്ടി നിൽക്കുന്ന കഥകൾ തവാങ്ങിന് പറയാനുണ്ട്. തവാങ്ങിലെ ഏറ്റവും മനോഹരമായ സ്ഥലത്താണ് പ്രസിദ്ധമായ ഈ യുദ്ധസ്മാരകം നിർമിച്ചിരിക്കുന്നത്. സ്വർണ-തൂവെള്ള നിറമുള്ള ആ മന്ദിരത്തിൽ വീരമൃത്യു വരിച്ച ഇന്ത്യൻ പട്ടാളക്കാരുടെ പേരുകൾ രേഖപ്പെടുത്തി വെച്ചിരിക്കുന്നു. ചിലരുടെ വസ്ത്രങ്ങളും നിത്യോപയോഗ സാധനങ്ങളും നിത്യ സ്മാരകങ്ങളായി എന്നും സംരക്ഷിക്കപ്പെടുന്നു. ഈ മന്ദിരത്തിൻെറ മുന്നിൽ നിന്ന് താഴ്വാരത്തിലേക്ക് നോക്കിയാൽ കാണുന്ന കാഴ്ച വേദഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ട സ്വർഗീയ താഴ്വരകളാണെന്നുതോന്നും.മറ്റു ചില സ്ഥലങ്ങൾകൂടി സന്ദർശിച്ച് ഞങ്ങൾ അങ്ങാടി തെണ്ടാൻ തുടങ്ങി. പത്തിരുപത് കടകൾ കയറിയിറങ്ങി. അവസാനം കയറിയ റെഡിമെയ്ഡ് കടയിലാണ് അവരെ കണ്ടത്. 40 വയസ്സ് പ്രായം കാണും. സംസാരപ്രിയ. ബംഗളൂരുവിലും കുടകിലുമുള്ള കുടുംബക്കാരെക്കുറിച്ച്, സേലാപാസിലെ മഞ്ഞുവീഴ്ചയെക്കുറിച്ച്, മരണം പതിയിരിക്കുന്ന വഴുകളെക്കുറിച്ച്, രണ്ടാം ക്ലാസ് വരെ പഠിച്ച തന്നെക്കുറിച്ച്, നാലാം ക്ലാസ് വരെ മാത്രം പഠനസൗകര്യമുള്ള തവാങ്ങിനെക്കുറിച്ച്... അവർ പറഞ്ഞുകൊണ്ടേയിരുന്നു.

## സേലാപാസ്

4170 മീറ്റർ ഉയരത്തിൽ തവാങ്ങിനെ ഇന്ത്യയുടെ മറ്റു ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന വഴിയാണിത്. ഏതാനും മാസങ്ങൾ ഒഴിച്ചുനിർത്തിയാൽ വർഷം മുഴുവൻ മഞ്ഞിൽ മൂടിക്കിടക്കും 10 വരെ താഴുന്ന തണുപ്പിൽ ഈ വഴി സഞ്ചാരയോഗ്യമായി നിലനിർത്താൻ ബി.ആർ.ഒ (ബോർഡർ റോഡ്സ് ഓർഗനൈസേഷൻ) നന്നായി പരിശ്രമിക്കുന്നുണ്ട്. സേലാപാസിനടുത്താണ് സേലാ തടാകം. സഞ്ചാരികളുടെ മനംകവർന്ന ഈ തടാകത്തിനു ലഭിച്ച ഇരട്ടപ്പേരാണു 'സ്വർഗീയ തടാകം'. തണുപ്പ് കാലത്ത് തടാകം പൂർണമായും ഉറച്ചുപോവും. നട്ടുച്ച നേരത്തെ പെരും തണുപ്പിൽ പട്ടാളക്കാർ റോഡ് ടാർ ചെയ്യുകയാണ്. ഉർവശീ ശാപം ഞങ്ങൾക്കുപകാരമായി. ഞങ്ങൾ ബസിൽനിന്നും പുറത്തിറങ്ങി. അതിഥികളായി വന്ന ഞങ്ങളെ ആദരിച്ചുകൊണ്ടാകാം കോടമഞ്ഞ് മാറിനിന്ന് ആ കൊച്ചു തടാകം ഞങ്ങൾക്ക് കാണിച്ചുതന്നു. റോഡ് പണി പുരോഗമിക്കുകയാണ്. നാലോ അഞ്ചോ വാഹനങ്ങളും ധാരാളം പട്ടാള ട്രക്കുകളും മാത്രം. പട്ടാളക്കാരെക്കുറിച്ച് ചില മുൻധാരണകൾ ഞങ്ങൾക്കുണ്ടായിരുന്നു. അതിന് കാരണവുമുണ്ടായിരുന്നു. എന്നാൽ, കശ്മീരിലെ തെരുവുകളിലും മണിപ്പൂരിലെ ഇംഫാൽ നഗരത്തിലും ഞങ്ങൾ കണ്ട പട്ടാളക്കാരെയല്ല അരുണാചൽപ്രദേശിൽ കാണാനായത്. ധാരാളം മലയാളി പട്ടാളക്കാരെ ഞങ്ങൾ തവാങ്ങിൽതന്നെ കണ്ടിട്ടുണ്ട്. സേലാപാസിലെ തണുപ്പിൽ റോഡുപണിക്ക് നേതൃത്വം കൊടുക്കുന്ന പട്ടാള ഉദ്യോഗസ്ഥനെ പരിചയപ്പെട്ടു. അയാൾ ഞങ്ങൾക്ക് ചായ നൽകി സൽക്കരിച്ചു. ഞങ്ങൾ കൈയിലുള്ള പലഹാരം അവർക്ക് വീതിച്ചുനൽകി. തുടർന്നങ്ങോട്ട് ദൈവത്തെവിളിച്ചുള്ള മടക്കയാത്രയായിരുന്നു. നോക്കിയാൽ കുട്ടികൾ പെൻസിൽകൊണ്ട് കടലാസിൽ കുത്തിവരച്ചത് പോലെ വളഞ്ഞുപുളഞ്ഞു കിടക്കുന്ന ചളിനിറഞ്ഞ വീതി കുറഞ്ഞ വഴി. ഈ വഴിയാണല്ലോ രാത്രിയിൽ പൊട്ടിയ കേബിളുമായി കോടമഞ്ഞിൽ മുന്നും പിന്നും കാണാതെ സുമോക്കാരൻ വണ്ടിയോടിച്ചത്. എന്നോർത്തപ്പോൾ ഹൃദയം നിലച്ചപോലെയായി. രാവിലെ എട്ടുമണിയോടെ തേസ്പൂരിലെത്തി. അവിടന്ന് ഗുവാഹതി എയർപോർട്ടിലൂടെ ബംഗളൂരുവിൽ വന്നിറങ്ങി. നാടുപിടിച്ചു.

കഥ



ചിത്രീകരണം: കബിത മുഖോപാധ്യായ

# ഞാൻ

കെ. പ്രദീപ്

നദിയേതാണ് ഗംഗയല്ലേ? അല്ല ഫുൽഗു. ഗംഗയുടെ കൈവഴിയാണ് -അയാൾ പറഞ്ഞു. അപ്പുറത്ത് കണ്ടോ... അവിടെയാണ് രാമനും ലക്ഷ്മണനും പിതാവിന് ബലിതർപ്പണം നടത്തിയത്. മദ്യപാന സദസ്സിനൊടുവിൽ തോന്നിയ ഉൾവിളിയാൽ ഇന്ത്യൻ റെയിൽവേയുടെ ഭാരതദർശൻ യാത്രക്ക് ഇറങ്ങിപ്പുറപ്പെട്ട എന്നെ വിടാതെ പിന്തുടരുകയാണ് രാമചന്ദ്രൻ എന്ന സഹയാത്രികൻ.

“നിങ്ങൾ രാജേഷ് ബാബു തന്നെ. നെരൂദയെ ആരാധിച്ചിരുന്ന... അതേ ഭാഷയിൽ കവിതകളെഴുതിയിരുന്ന എസ്.എഫ്.ഐക്കാരൻ.”

“അല്ല, ഞാൻ പാലാക്കാരൻ ജോസഫാണ്. പത്രം പോലും വായിക്കാത്ത സെക്രട്ടേറിയറ്റ് ഗുമസ്തൻ.”

രാമചന്ദ്രൻ അത് വിശ്വസിച്ചില്ല.

എന്താടാ... നീ ഇങ്ങനെ... അവൻ പരിഭവിച്ചു.

മറ്റൊരു ദിവസം ബേക്കറി ജങ്ഷനിലെ ബിവറേജസ് ക്യൂവിൽ നിൽക്കവേയാണ് അകത്തെ സെയിൽസ്മാൻമാരിൽ ഒരാൾ പുഞ്ചിരിയോടെ ഇറങ്ങിവന്നത്.

“ഞാൻ മുരളീധരൻ. സാറിൻെറ നോവൽ വായിച്ചിട്ടുണ്ട്. അത് സിനിമയാക്കാൻ പോകുന്നു എന്നു കേട്ടു.”

“നിങ്ങൾക്ക് ആളുതെറ്റിയതാ. എൻെറ പേര് ജോസഫ്. ക്ലർക്കാണ്” -ഞാൻ വിശദീകരിച്ചു.

“ഏയ്... സാറിൻെറ തമാശ. ബ്രാൻഡ് പറ... സാറ് ക്യൂവൊന്നും നിൽക്കേണ്ട.”

പിന്നീട് ഫേസ്ബുക്കിൽ അനുശ്രീ വർമയുടെ പ്രണയകവിതകൾ എൻെറ ഇൻബോക്സിൽ നിറയവേയാണ് ഞാനും അത് ആലോചിച്ചത്.

ഞാൻ ആരാണ്?

ശേഷം അവളെ അൺഫ്രൻഡ് ചെയ്തു. എൻെറ സന്തോഷം അധികം നീണ്ടില്ല. വീണ്ടും ഫ്രൻഡ് റിക്വസ്റ്റിനാൽ അവൾ എന്നിലേക്ക് തിരിച്ചെത്തി.

എൻെറ സംശയം ഇരട്ടിച്ചു.

ഞാൻ ആരാണ്?

യഥാർഥത്തിൽ ഞാൻ ജോസഫ്. അല്ല. അവർ മൂന്നുപേരും രാമചന്ദ്രനും മുരളീധരനും അനുശ്രീ വർമയും പറഞ്ഞതിൽ ചില സത്യങ്ങളുണ്ട്.

●

കവിത



# കടൽ

മൊയ്തു മായിച്ചാൻകുന്ന്

കാൽ ചുവട്ടിലെ
മണ്ണൊലിച്ചു തീർന്നപ്പോൾ
ഒരിറക്ക് വെള്ളം കുടിച്ച്
ജലസമാധിയാകാമെന്ന
ഉൾപ്രേരണയാൽ
പതിയെ പതിയെ
ഓരോ ചുവടും
ആഴിയിലേക്കെടുത്തുവച്ചു.
കരിമ്പാറക്കെട്ടിൽ തലതല്ലി
ചോരയൊലിപ്പിക്കുന്ന
കടൽ!
വീണ്ടും വീണ്ടും
രൗദ്രമായി
തലതല്ലിച്ചാകാനൊരുമ്പെടുന്ന
കടൽ കണ്ട്,
കാലിടറി ചുവട് പിഴച്ചു
തൊണ്ട വരണ്ടു,
പതിയെ പതിയെ
കടലിലേക്കലിഞ്ഞു...!

നാടകം

**ഭരണകൂടത്തിനെതിരായ വിമർശനങ്ങളെ കാലികപ്രസക്തിയുള്ള ആഖ്യാനങ്ങളെക്കൊണ്ട് ഹാസ്യാത്മകമായി അവതരിപ്പിക്കാനുള്ള ശ്രമമാണ് 'ഹൗ ടു സ്കിൻ എ ജിറാഫ്'**



'ഹൗ ടു സ്കിൻ എ ജിറാഫ്' നാടകത്തിൽ നിന്ന്

# ഹാസ്യരസത്തിൻെറ മുറിവുകൾ

നസ്റുല്ല വാഴക്കാട്

ആസ്വാദകർക്ക് വ്യത്യസ്തമായ ഹാസ്യാനുഭൂതി നൽകുന്ന നാടകമാണ് 'ഹൗ ടു സ്കിൻ എ ജിറാഫ്'. 115 മിനിറ്റ് ദൈർഘ്യമുള്ളതും ഇടവേളയോടുകൂടിയതുമായ നാടകം ഒട്ടും വിരസത ഉളവാക്കിയില്ല എന്നതുതന്നെയാണ് അതിൻെറ വിജയം. ഇംഗ്ലീഷും തമിഴും മലയാളവും ഇടകലർന്ന സംഭാഷണങ്ങൾ ഏറെ ഹൃദ്യം. പ്രശസ്ത ജർമൻ നാടകരചയിതാവായ ജോർജ് ബക്ക്നറുടെ ലിയോൺസ് ആൻഡ് ലെന എന്ന നാടകത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടതാണ് രചന. ജർമൻ ഭാഷയിൽ ഏറ്റവും മികച്ച ഹാസ്യനാടകമായി ഇത് മുമ്പ് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ചെന്നൈയിലെ 'പെർച്ച് ആൻഡ് റഫീക്കി ബാംഗ്ലൂർ' എന്ന നാടകസംഘമാണ് അണിയറക്കാർ. കണ്ടമ്പററി തമിഴ് തിയറ്റർ ഗ്രൂപ്പിലൂടെ നാടകജീവിതം ആരംഭിച്ച നടനും സംവിധായകനുമായ രാജീവ് കൃഷ്ണനാണ് ഈ നാടകത്തിൻെറ സംവിധായകൻ. ജനപ്രിയ നാടകങ്ങൾ സംവിധാനം ചെയ്ത രാജീവ് കൃഷ്ണൻ വൈക്കം മുഹമ്മദ് ബഷീറിൻെറ ചെറുകഥകൾ കൂട്ടിച്ചേർത്ത് കുട്ടികൾക്കുവേണ്ടി ജുജൂബി എന്ന നാടകവും സംവിധാനം ചെയ്തിട്ടുണ്ട്.

ആധുനിക വിദ്യാഭ്യാസ രീതികളെ ഹാസ്യാത്മകമായി ചിത്രീകരിച്ചിരിക്കുന്ന ഹൗ ടു സ്കിൻ എ ജിറാഫ് മടി, വിരസത, പ്രണയം, ഏകാധിപത്യ ഭരണകൂടം തുടങ്ങിയ വിവിധ വിഷയങ്ങളിലൂടെ മുന്നേറുന്നു.

ജനതയെ വെറും പാവകളായി കരുതുന്ന ഏകാധിപത്യ ഭരണകൂടങ്ങൾക്കെതിരെ നിശിത വിമർശനമാണ് നാടകം ഉന്നയിക്കുന്നത്.

ഭരണകൂടത്തിനെതിരായ വിമർശനങ്ങളെ കാലികപ്രസക്തിയുള്ള ആഖ്യാനങ്ങളെക്കൊണ്ട് ഹാസ്യാത്മകമായി അവതരിപ്പിക്കാൻ കഴിഞ്ഞത് സംവിധായകൻെറ മികവാണ്. 2016 ലെ ഇൻറർനാഷനൽ തിയറ്റൽ ഫെസ്റ്റിവൽ ഓഫ് കേരള(ഇറ്റ്ഫോക്) യിൽ പ്രദർശിപ്പിച്ച നാടകം, ഇക്കഴിഞ്ഞ അന്താരാഷ്ട്ര നാടകദിനത്തിൽ തൃശൂരിൽ വീണ്ടും അരങ്ങേറി. ഇണങ്ങാത്ത രണ്ടു പക്ഷികളെ എങ്ങനെ ഒരു കൂട്ടിലടക്കും എന്ന ചോദ്യം ഹാസ്യം ഉണർത്തുന്നു. കാണികളുടെ പങ്കാളിത്തം ഉപയോഗപ്പെടുത്താനും നാടകം ശ്രമിക്കുന്നുണ്ട്. നിലവിലെ ഇന്ത്യൻ അവസ്ഥകളിലേക്ക് നിരവധി ചോദ്യങ്ങളെറിയുന്നു നാടകം. ജീവിതം ഒരു സീസോ കളിയിലെന്നപോലെ കാണുന്നു.

പുതിയ വിഷയങ്ങൾ കണ്ടെത്തുന്നതല്ല; പുതിയ പുതിയ ജീവിതങ്ങളെ സൃഷ്ടിക്കുന്നതാണ് നാടകം എന്ന് പറയാൻ ഈ സൃഷ്ടി ശ്രമിക്കുന്നുണ്ട്.

●


വായന

# വ്യത്യസ്തമായ തീർഥാടനം

കെ. കുഞ്ഞികൃഷ്ണൻ

പൂർണമായും ആധ്യാത്മികകാര്യങ്ങളിൽ മുഴുകി, മനസ്സിലെ മാലിന്യങ്ങൾ ഒഴുകിത്തീരാൻ ഗ്രന്ഥകാരൻ ഒരുപാട് നാളായി ആഗ്രഹിച്ചിരുന്നു. അത് സാക്ഷാത്കരിച്ചത് ഉമ്മയുടെ കൂടെയുള്ള ഹജ്ജ് കർമത്തിലായിരുന്നു. മലയാളത്തിന് അതുകൊണ്ടുണ്ടായ നേട്ടം മികച്ചൊരു രചന-'ജംറ'. ഭാവഗീതത്തിൻെറ ചാരുതയും ആത്മീയതയുടെ ഔന്നത്യവും ചരിത്രത്തിൻെറ ചീളുകളും സ്വന്തം ഉമ്മയുമായുള്ള ആത്മബന്ധത്തിൻെറ ഇഴയടുപ്പവും സാമൂഹിക വിമർശനവും 'ജംറ' യിലുണ്ട്; അദ്ദേഹം ഇതേവരെ എഴുതിയതിൽവെച്ചേറ്റവും മികച്ച കൃതി. നീണ്ട വ്രതശുദ്ധിയോടെ നാടും വീടും പരിചിതങ്ങളായ സ്ഥലങ്ങളും വിട്ട് പശ്ചാത്താപവും പ്രാർഥനയും സാധാരണയെക്കാൾ കൂടുതൽ നടത്തി, വംശത്തിൻെറയും ദേശത്തിൻെറയും സമ്പത്തിൻെറയും സ്ഥാനമാനങ്ങളുടെയും വ്യത്യാസമില്ലാതെ നടക്കുന്ന ഹജ്ജ് കർമത്തിൻെറ ഉദ്ദീപ്തമായ, സംക്ഷിപ്തമായ അനുഭവം 18 അധ്യായങ്ങളിലൂടെ വായനക്കാരനിലെത്തിക്കുന്നു 'ജംറ'.

തുടക്കം മുതൽ മടക്കം വരെ ഒരു ജ്ഞാനിയുടെ ജിജ്ഞാസാജന്യമായ കണ്ണിലൂടെയാണ് വിവരണം. ജിദ്ദയിൽനിന്ന് മക്ക, മിനാ, അറഫ, മുസ്ദലിഫ, മദീന എന്നിങ്ങനെ വിവിധ സ്ഥലങ്ങളിൽ ഒരേ മനസ്സോടെ കോടിക്കണക്കിന് തീർഥാടകർ പ്രാർഥിക്കുന്നു. തിക്കും തിരക്കും സഹിച്ചും പ്രതികൂല കാലാവസ്ഥയോട് ഇണങ്ങിയും നമുക്ക് നിയന്ത്രിക്കാനാകാത്ത ഒന്നിനെ നിയന്ത്രണാധീനമാക്കുന്ന പരിശുദ്ധിയെ ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു.



**ജംറ -യാത്രാവിവരണം**
**എ.എം. ബഷീർ**
**എച്ച് ആൻഡ് സി പബ്ലിഷിങ് ഹൗസ്, തൃശൂർ**
**വില: 150.00**

പ്രാർഥന സ്വീകരിക്കുന്നവൻെറ കരുണയും കടാക്ഷവുംകൊണ്ട്, അനാദിയായ അധികാരത്തെക്കൊണ്ട്, ശപിക്കപ്പെട്ട പിശാചിൽനിന്ന് അഭയം തേടുന്നു. പിശാച് മനുഷ്യൻ കൊണ്ടുനടക്കുന്ന ശത്രു. ജംറ വരെ മാത്രമേ നിന്നെ ഞാൻ തുണക്കുകയുള്ളൂ. അവിടെ നിൻെറ ഹൃദയം എറിഞ്ഞു തകർക്കുമെന്നതിൻെറ, പിശാചിനെ മനസ്സിൽനിന്നകറ്റുമെന്നതിൻെറ പ്രതീകമാണ് കല്ലേറ്.


ഭൂമിക്കും ആകാശത്തിനും നാടിനും ബന്ധുക്കൾക്കും വേണ്ടി പ്രാർഥിക്കുമ്പോൾ ഏതെങ്കിലുമൊരു ജാതിയോ മതമോ പ്രാർഥനയിൽ കടന്നുവരുന്നില്ലെന്ന ഉദാത്തമായ ആത്മീയപ്രസ്താവനയുടെ ആർജവം വായനക്കാരന് അനുഭവവേദ്യമാകും. 'ഭൂമിയും ആകാശവും കാറ്റും മഴയും ചന്ദ്രികയും താരകങ്ങളും ഉൽക്കകളും ഗാലക്സികളും എല്ലാം നിന്നിൽ നിന്നുണ്ടായതും നീ നിയന്ത്രിക്കുന്നതും... അപ്പോൾ പ്രാർഥനയിൽ ഉൾപ്പെടാത്തതായി ഒന്നുമില്ല' എന്ന അനുഭവവിവരണം എല്ലാ മതങ്ങളുടെയും ഉദാത്തചിത്രമാണ്. ജനലക്ഷങ്ങൾ സാക്ഷിയായിരിക്കേപ്പോലും ഏകാന്തത അനുഭവപ്പെടുന്ന കഅ്ബ സ്വപ്നതുല്യമായ ദൃശ്യാനുഭവമായി ഗ്രന്ഥകാരൻ ബോധ്യപ്പെടുത്തുന്നു.

ഉമ്മയും മകനും തമ്മിലുള്ള ആത്മബന്ധത്തിൻെറ ഊഷ്മളത ധാരാളം അനുഭവകഥകളിലൂടെ വായനക്കാരൻ അറിയുന്നു. അഭേദ്യമായ, അനിയാമകമായ ത്യാഗത്തിൻെറ ചരിത്രങ്ങളാണവ. അതുപോലെതന്നെ ഹൃദ്യമാണ് ഹജ്ജിന് പോകുന്നവരെയും അവിടെയെത്തിയാൽ പരിചരണങ്ങളൊരുക്കുന്ന തെരഞ്ഞെടുക്കപ്പെട്ട സഹായികളേയും കുറിച്ചുള്ള പരാമർശങ്ങൾ.

തീർഥയാത്രയിലെ കല്ലുകടികളെ നിശിതമായി വിമർശിക്കാനും ഗ്രന്ഥകാരൻ മറക്കുന്നില്ല. ഇന്ത്യയിൽനിന്നുള്ള തീർഥാടകരിൽ ചിലർ ഖുർആനിൽ ഇല്ലാത്ത 'പാഠ'ങ്ങളിലേർപ്പെടുന്നതും മറ്റും വിമർശിക്കപ്പെടുന്നുണ്ട്. അക്കാലത്ത് ഇസ്ലാം, പ്രത്യേകിച്ച് നബി നൽകിയ ബഹുമാനവും ആദരവും സ്ഥാനവും സങ്കൽപിക്കാൻപോലും പറ്റാത്തതിൻെറ വേദനയും മറച്ചുവെക്കുന്നില്ല. ഷാഫിയാണോ മുജാഹിദാണോ ഹനഫിയാണോ സുന്നിയാണോ എന്ന ചോദ്യങ്ങൾ നേരിടേണ്ടി വന്നതിലുള്ള വേദനയും ഗ്രന്ഥകാരനുണ്ട്. വില കൂടിയ ഇഹ്റാം വസ്ത്രങ്ങളണിഞ്ഞ, മറ്റുള്ളവരോട് കരുണ കാട്ടാതെ, ആരോടും പ്രതിബദ്ധതയില്ലാതെ പെരുമാറുന്ന, ആഡംബരങ്ങളുപേക്ഷിക്കാത്തവരെക്കുറിച്ചുമുള്ള പരാമർശങ്ങളുണ്ട്.

ഏകാന്തതയുടെ വനസ്ഥലികളിലെ മഞ്ഞും നിലാവും പൊഴിയുന്ന ഒറ്റമരണത്തലിൽ ഇനിയും നന്മ ചെയ്യാൻ അവസരം കിട്ടണേ എന്ന് പ്രാർഥിക്കുന്ന തീർഥാടകൻ, ജംറയിൽ എറിഞ്ഞ് പിശാചിനെ അകറ്റി, ക്രോധം, ആർത്തി, പക തുടങ്ങി സമസ്താപരാധങ്ങളെയും ഹൃദയത്തിൽ നിന്ന് വലിച്ചെടുത്ത് ഭാരമൊഴിഞ്ഞ ഭാണ്ഡമാകുന്ന അവസ്ഥ: ഇവ ചിത്രീകരിക്കുമ്പോൾ തീർഥാടകൻ ആത്മീയതയുടെയും കവിത്വത്തിൻെറയും ഉത്തുംഗതകളിലെത്തുന്നു; വായനക്കാരനെ ആ ദിശയിലേക്ക് ആനയിക്കുന്നു.

പുസ്തകം




**അമ്പലം, പള്ളി, സ്ത്രീ**
**പി.കെ. പാറക്കടവ്**
**പേജ്: 89, വില: 80.00**
**ഒലിവ്**

എഴുത്തുകാരൻെറ പുതിയ കഥാസമാഹാരം. ചെറുതെത്ര മനോഹരം എന്ന് വീണ്ടും ഉറപ്പിക്കുന്ന കഥകൾ. പുതിയ കാലത്തോടും തലമുറയോടും സർഗാത്മകമായി സംവദിക്കുന്ന രചനാകൗശലം ഇതിൽ കാണാം.




**കലിപാകം**
**രാജീവ് ശിവശങ്കർ**
**പേജ്: 244 വില: 225.00**
**ഡി.സി ബുക്സ്**

കഥാപാത്രങ്ങളുടെ മനസഞ്ചാരങ്ങളിലൂടെ രചിക്കപ്പെട്ട നോവൽ. മഹാഭാരതത്തിലെ വനപർവത്തിൽ അവതരിപ്പിച്ചിരിക്കുന്ന നളദമയന്തീ കഥക്ക് പുതിയൊരു ഭാഷ്യം ചമക്കാനുള്ള ശ്രമം.




**പീറ്റർ എന്ന മുയലും മറ്റു കഥകളും**
**ബിയാട്രിക്സ് പോട്ടർ**
**പുനരാഖ്യാനം: അഷിത**
**പേജ്: 64 വില: 65.00**
**മാതൃഭൂമി ബുക്സ്**

മൃഗങ്ങളെ കഥാപാത്രങ്ങളാക്കി രചിച്ച കഥകളുടെ പേരിൽ വിഖ്യാതയായ ബിയാട്രിക്സ് പോട്ടറുടെ ഏറ്റവും പ്രശസ്തമായ ആറു കഥകളുടെ മനോഹരമായ പുനരാഖ്യാനം. കുട്ടികൾക്ക് വേണ്ടിയുള്ള രചന.



**ചന്ദ്രൻെറ മാളിക**
**സൈമൺ ബ്രിട്ടോ**
**പേജ്: 200 വില: 175.00**
**പൂർണ പബ്ലിക്കേഷൻസ്**

കേരളത്തിൻെറ വർത്തമാനകാല രാഷ്ട്രീയത്തിൻെറ പശ്ചാത്തലത്തിൽ ഭാവനയും യാഥാർഥ്യവും ഇടകലർത്തി രചിക്കപ്പെട്ട നോവൽ. ധീരമായ തുറന്നുപറച്ചിൽകൊണ്ടും സത്യസന്ധമായ നിലപാടുകൾകൊണ്ടും ശ്രദ്ധേയമായ കൃതി.



**കേരള ചരിത്രം, സത്യവും മിഥ്യയും**
**ടി.എച്ച്.പി ചെന്താരശ്ശേരി**
**പേജ്: 87 വില: 80.00**
**പ്രഭാത് ബുക്ക് ഹൗസ്**

കേരള ചരിത്രത്തിൻെറ ചർച്ച ചെയ്യപ്പെടാത്ത വസ്തുതകളിലേക്ക് വിരൽചൂണ്ടുന്ന രചന. ഇതുവരെ ധരിച്ചുപോന്ന പല ധാരണകളെയും തിരുത്താനുള്ള ശ്രമം.




**ദുരന്തങ്ങൾ പറയുന്നത്**
**എം.എം. മോനായി**
**പേജ്: 143 വില: 130.00**
**കറൻറ് ബുക്സ് തൃശൂർ**

യഥാർഥ സംഭവത്തിൻെറ ഭാവനാത്മക ആവിഷ്കാരമാണ് ഈ നോവൽ. മനുഷ്യൻെറ സ്വാർഥത ഒരു പ്രദേശത്തിന് മേൽ സൃഷ്ടിക്കുന്ന ആഘാതങ്ങളും അതിനെതിരായ പ്രതിരോധവും പ്രമേയമാകുന്നു.



**ഒരു മടിച്ചിപ്പെണ്ണും പല്ലുകുത്തിയും (ജപ്പാൻ നാടോടിക്കഥകൾ)**
**പേജ്: 200 വില: 180.00**
**മാമ്പഴം**

ഓരോ നാട്ടിലും ആ നാടിൻെറ സംസ്കാരവും ജീവിതവും തുടിക്കുന്ന കഥകളുണ്ടാകും. അത്തരം കഥകളുടെ വൈവിധ്യപൂർണവും വർണാഭവുമായ ലോകത്തെ കുട്ടികൾക്കായി അവതരിപ്പിക്കുന്ന പുസ്തകം.



**ചതുപ്പ്**
**എം. കമറുദ്ദീൻ**
**പേജ്: 102 വില: 90.00**
**ഡി.സി ബുക്സ്**

നടപ്പുജീവിതങ്ങളെയും അനുഭവങ്ങളെയും ജൈവപരവും മനഃശാസ്ത്രപരവുമായ സംജ്ഞകളാൽ എഴുത്തിലേക്ക് സന്നിവേശിപ്പിക്കുന്ന രചനകൾ. നവീന ഭാവുകത്വം അവകാശപ്പെടാവുന്ന എട്ട് കഥകളുടെ സമാഹാരം.

അനുസ്മരണം



കോഴിക്കോട്ട് റസാഖ് കോട്ടക്കൽ ഫൗണ്ടേഷൻ സംഘടിപ്പിച്ച 'ഓർമയിൽ റസാഖ് കോട്ടക്കൽ' അനുസ്മരണ സംഗമത്തിൽ അടൂർ ഗോപാലകൃഷ്ണന്റെ ഫോട്ടോ പകർത്തുന്ന രഘു റായ്

● ചിത്രം: പ്രകാശ് കരിമ്പ

# റസാഖ് എന്ന ഓർമച്ചിത്രം

ഇബ്രാഹിം കോട്ടക്കൽ

ഒരാൾ അയാളുടെ കാലശേഷവും ഓർമിക്കപ്പെടുന്നത് അയാൾ ഭൂമിയിൽ നിക്ഷേപിച്ചുപോയ ദീപ്തമായ അടയാളങ്ങളുടെ പേരിലാണ്. ആ അടയാളങ്ങൾ എക്കാലത്തും വെളിച്ചം പ്രസരിപ്പിക്കാൻ ശേഷിയുള്ളതാണെങ്കിൽ ഓർമച്ചെപ്പിനെ മറച്ചേക്കാവുന്ന കനത്ത നിഴലിനെ അതിജീവിച്ച് അവ പുതുകാലങ്ങളിലേക്ക് പ്രകാശം പകർന്നുകൊണ്ടിരിക്കും. വർഷങ്ങൾ കടന്നുപോകുമ്പോൾ ഓർമപ്പെടുത്തലുകളുടെ തേച്ചുമിനുക്കലുകൾ അവയുടെ തിളക്കം കൂട്ടിക്കൊണ്ടേയിരിക്കും.

അന്തരിച്ച അസാധാരണ ഫോട്ടോഗ്രാഫർ റസാഖ് കോട്ടക്കലിന്റെ ഓർമപ്പെരുന്നാൾ അദ്ദേഹം ബാക്കിവെച്ചുപോയ ചിഹ്നങ്ങളുടെ, ബിംബങ്ങളുടെ, വിസ്മയങ്ങളുടെ തിളക്കമേറ്റുകതന്നെയായിരുന്നു. ജീവിച്ചിരിക്കെ കൊണ്ടാടപ്പെട്ട കലാകാരൻ മരണശേഷവും പതിന്മടങ്ങ് തിളക്കത്തിൽ കൊണ്ടാടപ്പെടുന്നുവെന്നത് ഒരു ഫോട്ടോഗ്രാഫറുടെ ചരിത്രത്തിലെ അപൂർവതയാവും. കോഴിക്കോട്ട് 'ഓർമയിൽ റസാഖ് കോട്ടക്കൽ' എന്ന പേരിൽ കടന്നുപോയ അഞ്ചുനാളുകൾ ഫോട്ടോഗ്രഫി ചരിത്രത്തിന് സമ്മാനിച്ചത് അപൂർവതയുടെ എണ്ണമറ്റ അമൂർത്ത ചിത്രങ്ങളാണ്.

ഒരു ഫോട്ടോഗ്രാഫർക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ ആദരത്തിനാണ് കോഴിക്കോട് നഗരം സാക്ഷ്യം വഹിച്ചത്. ഇന്ത്യയുടെ ലോകോത്തര ഫോട്ടോഗ്രാഫർ രഘു റായിയും മലയാളത്തിന്റെ വിശ്വചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണനും റസാഖ് കോട്ടക്കലിന് അദ്ദേഹത്തിന്റെ മൂന്നാം ചരമ വാർഷികത്തിൽ ആദരമർപ്പിക്കാനെത്തിയത് മലയാളിക്കു മുന്നിൽ മഹാനായ ആ കലാകാരന്റെ ഔന്നത്യം ഉറപ്പിക്കലായിരുന്നു.

റസാഖ് കോട്ടക്കൽ ഫൗണ്ടേഷനാണ് ഫോട്ടോപ്രദർശനം, ഡോക്യുമെന്ററി പ്രദർശനം, ഫോട്ടോഗ്രഫി ശിൽപശാല, സുഹൃദ്സംഗമം, അനുസ്മരണ സമ്മേളനം, പുസ്തക പ്രകാശനം എന്നിവയിലൂടെ റസാഖിനെക്കുറിച്ച ഓർമകൾ വെളിച്ചത്തുവെച്ചത്. കേരള ലളിതകല അക്കാദമിയുടെ സഹായത്തോടെ കോഴിക്കോട് ആർട്ട് ഗാലറിയിൽ സംഘടിപ്പിച്ച ഫോട്ടോ പ്രദർശനത്തിൽ കറുപ്പിലും വെളുപ്പിലും വർണങ്ങളിലും റസാഖ് പകർത്തിയ 125ഓളം വിസ്മയങ്ങൾ അവതരിപ്പിച്ചു. ഇനി പകർത്താൻ കഴിയാത്ത മാപ്പിള ജീവിത ശൈലീ ശേഷിപ്പുകളും നിഴലും വെളിച്ചവും ചാലിച്ച് ഒപ്പിയെടുത്ത വൈക്കം മുഹമ്മദ് ബഷീർ, ഒ.വി. വിജയൻ, കമലാ സുരയ്യ, ജോൺ എബ്രഹാം, എം.എൻ. വിജയൻ, നിത്യചൈതന്യ യതി, അയ്യപ്പൻ തുടങ്ങിയവരുടെ അപൂർവ ഭാവങ്ങളും റസാഖിന്റെ കാമറക്ക് മാത്രം കാണാൻ കഴിഞ്ഞ പ്രകൃതിയുടെ അത്യപൂർവ നിഴലുകളും വരകളും വർണങ്ങളും കോർത്തുവെച്ചതായിരുന്നു പ്രദർശനം.

## റസാഖും രഘു റായിയും

അപൂർവമായ ചലനങ്ങളും ഭാവങ്ങളും പകർത്താൻ അലയണം. കാലത്തെ അതിജയിക്കുന്ന ചിത്രങ്ങൾക്കായി കാത്തിരിക്കണം. കാട്ടിലെ പുലി ഒരിക്കലും ഫോട്ടോഗ്രാഫർക്കു വേണ്ടി ചാടിത്തരില്ല. പുലിയുടെ ചാട്ടം പകർത്താൻ കാത്തിരിക്കതന്നെ വേണം. പതിവിൽനിന്ന് വ്യത്യസ്തമായത് പകർത്തുന്നവരാണ് ഫോട്ടോഗ്രഫിയെ കലയാക്കി മാറ്റുന്നത് -രഘു റായ് പറയുന്നു. റസാഖ് അലയുകതന്നെയായിരുന്നു, മികച്ച ഫ്രെയിമുകൾക്കു വേണ്ടി. കന്യാകുമാരി മുതൽ ഹിമാലയം വരെയും ഇന്ത്യയുടെ അതിരുവിട്ട് ഇറാഖ് വരെയും റസാഖ് അലഞ്ഞു, തനിക്കായി കരുതിവെച്ച ഫ്രെയിമുകൾക്കായി.

ബുദ്ധിക്കും അറിവിനുമല്ല, വികാരങ്ങൾക്കാണ് ഫോട്ടോഗ്രാഫർ മുൻഗണന നൽകേണ്ടത്. ഇന്നെടുത്ത പോലൊരു ചിത്രമല്ല നാളെ പ്രതീക്ഷിക്കേണ്ടത്. ഇന്നെടുത്ത മികച്ച ചിത്രത്തെ ഉപേക്ഷിച്ച് അതിലും മികച്ച ചിത്രത്തിനായിരിക്കണം കാമറ ഷട്ടർ തുറക്കേണ്ടത് -വീണ്ടും രഘു റായ്. എടുത്തുകഴിഞ്ഞ ചിത്രങ്ങൾ റസാഖിന് പ്രിയപ്പെട്ടതല്ലായിരുന്നു. പുതിയ ഫ്രെയിമുകൾക്കായിരുന്നു അദ്ദേഹത്തിന്റെ അലച്ചിൽ. അതിനിടയിൽ റസാഖിന്റെ ചിത്രങ്ങൾ പലതും അന്യാധീനപ്പെട്ടു. പ്രിയപ്പെട്ടവർ ചോദിച്ച ചിത്രങ്ങൾ പ്രതിഫലം നോക്കാതെ നൽകി. ചിത്രങ്ങൾ സൂക്ഷിക്കണമെന്ന് പലരും നിർബന്ധിച്ചിരുന്നു. പക്ഷേ, റസാഖ് അത് ഗൗരവത്തിലെടുക്കുമ്പോഴേക്കും പലതും വീണ്ടെടുക്കാനാവാത്ത വിധം നഷ്ടപ്പെട്ടിരുന്നു. പ്രദർശനത്തിനായി റസാഖിന്റെ ഫോട്ടോകൾ തിരയുമ്പോൾ ആ നഷ്ടം പ്രകടമായിരുന്നു. രഘു റായ് നയിച്ച ത്രിദിന ഫോട്ടോഗ്രഫി ശിൽപശാലയിൽ വിദ്യാർഥികൾ മുതൽ റിട്ടയർ ചെയ്തവർ ഉൾപ്പെടെ 21 പേരാണുണ്ടായിരുന്നത്. തൊട്ടുമുമ്പേ പഞ്ചാബിൽ ഒരു ക്യാമ്പ് സംഘടിപ്പിച്ചാണ് താൻ കേരളത്തിലെത്തിയതെന്ന് രഘു റായ് പറഞ്ഞു. പഞ്ചാബിൽ വിദേശികളടക്കം പങ്കെടുത്തത് 12 പേർ. പക്ഷേ, കോഴിക്കോട്ട് പങ്കെടുത്തവരിൽ ക്യാമ്പ് ഒരു ദിവസം പിന്നിട്ടപ്പോഴുണ്ടാക്കിയ മാറ്റം തന്നെ വിസ്മയിപ്പിച്ചുവെന്ന് രഘു റായ് പറഞ്ഞു.

ക്യാമ്പ് നയിക്കുമ്പോൾതന്നെ കോഴിക്കോടിനെ കാമറയിൽ പകർത്താൻ രഘു റായ് മറന്നില്ല. 75ാം വയസ്സിലും കാമറക്കാഴ്ചകൾക്കായി ദാഹിച്ച് കോഴിക്കോടൻ തെരുവുകളിലൂടെ ഓടിനടക്കുന്ന യുവാവിനെയാണ് രഘു റായിയിൽ കണ്ടത്. കുറ്റിച്ചിറയിലെ മുച്ചുന്തിപ്പള്ളിയുടെയും പാളയത്തെ പച്ചക്കറി മാർക്കറ്റിന്റെയും ബീച്ചിന്റെയും വാവുബലിയുടെയും കളരിപ്പയറ്റിന്റെയും ചിത്രങ്ങൾ കാമറയിൽ പകർത്തി. തന്റെ യാത്രകളിലെല്ലാം മേഘങ്ങളുടെ സൗന്ദര്യത്തിനു പിറകെ ഓടുന്ന അദ്ദേഹം, കോഴിക്കോടൻ കടപ്പുറത്തെ സജീവതയെ സന്ധ്യയുടെ പതിഞ്ഞ വർണത്തിലും കളരിയുടെ ചടുല ചുവടുകളെ പുലരിയുടെ കിളിർപ്പിലും പകർത്തി. കോഴിക്കോടൻ തെരുവുകളിലെ മുസ്‌ലിം സ്ത്രീകളുടെ സാന്നിധ്യം തന്നെ വിസ്മയിപ്പിച്ചതായി അദ്ദേഹത്തിന്റെ തുറന്നുപറച്ചിൽ.

> കാട്ടിലെ പുലി ഒരിക്കലും ഫോട്ടോഗ്രാഫർക്കു വേണ്ടി ചാടിത്തരില്ല. പുലിയുടെ ചാട്ടം പകർത്താൻ കാത്തിരിക്കതന്നെ വേണം. പതിവിൽനിന്ന് വ്യത്യസ്തമായത് പകർത്തുന്നവരാണ് ഫോട്ടോഗ്രഫിയെ കലയാക്കി മാറ്റുന്നത് -രഘു റായ് പറയുന്നു



റസാഖ് കോട്ടക്കൽ

## അടൂരറിഞ്ഞ പ്രതിഭ

റസാഖ് എപ്പോഴാണ് കയറിവരുന്നതെന്നറിയില്ല; വന്നാൽ എപ്പോഴാണ് പോവുകയെന്നുമറിയില്ല. അടൂരിന്റെ ഈ വാക്കുകളിൽ റസാഖിന്റെ പൂർണചിത്രമുണ്ട്. സ്വന്തം സിനിമകൾക്ക് സ്റ്റിൽ ഫോട്ടോഗ്രാഫറായി നിശ്ചയിച്ച റസാഖിനെ, സെറ്റൊരുക്കി ഏറെ നേരം കാത്തിരുന്നിട്ടുണ്ട് അടൂർ. ഒരു ലോകപ്രശസ്ത സംവിധായകൻ ഒരു സ്റ്റിൽ ഫോട്ടോഗ്രാഫർക്കു വേണ്ടിയും ഇങ്ങനെ കാത്തിരുന്നിട്ടുണ്ടാവില്ല. 'കഥാപുരുഷന്റെ' സെറ്റിൽ അടൂരൊരുക്കുന്ന ഫ്രെയിമുകൾ കാമറയിലൂടെ നോക്കാൻ അനുമതിയുണ്ടായിരുന്നത് ഛായാഗ്രഹകൻ മങ്കട രവിവർമക്കും പിന്നെ റസാഖിനുമായിരുന്നുവെന്ന് ചലച്ചിത്ര സംവിധായകനും കൊൽക്കത്തയിൽ ഫിലിം ഡിവിഷൻ ഡയറക്ടറുമായ ജോഷി ജോസഫ് അനുസ്മരിച്ചത് മഹാനായ ചലച്ചിത്രകാരൻ റസാഖിന് നൽകിയിരുന്ന പരിഗണനയെ സൂചിപ്പിക്കാനാണ്. അതിന് ബലം നൽകുന്ന വാക്കുകളായിരുന്നു അനുസ്മരണ പരിപാടികളുടെ സമാപന ചടങ്ങിൽ അടൂർ ഗോപാലകൃഷ്ണനിൽനിന്നുണ്ടായത്.

"പകരക്കാരനില്ലാത്ത ഫോട്ടോഗ്രാഫറായിരുന്നു റസാഖ്. ഒറ്റ ക്ലിക്കിൽ ജീവിതം, കാലം, പ്രകൃതി എന്നിവയെല്ലാം ഒറ്റ ഫ്രെയിമിൽ ഉൾപ്പെടുത്തുക എളുപ്പമുള്ള കാര്യമല്ല. എന്നാൽ, അത് വിദഗ്ധവും മനോഹരവുമായി ചെയ്തയാളാണ് അദ്ദേഹം. എന്റെ സിനിമകളിലും ഡോക്യുമെന്ററികളിലും റസാഖ് പ്രവർത്തിച്ചു. അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാനായത് ഞാൻ അഭിമാനമായി കാണുന്നു" -അടൂർ പറഞ്ഞു.

## റസാഖ് കോട്ടക്കൽ എന്ന ചരിത്രം

ഫോട്ടോഗ്രഫിയുടെ ഭാഷക്കപ്പുറം കടന്നുപോകുന്നതാണ് റസാഖിന്റെ ഫോട്ടോകളെന്ന് ഫോട്ടോപ്രദർശനം ഉദ്ഘാടനം ചെയ്ത സുവേന്ദു ചാറ്റർജി. പുതിയ തലമുറക്ക് കണ്ടെടുക്കാൻ, വായിച്ചെടുക്കാൻ റസാഖിന്റെ രചനകൾ ഉൾപ്പെടുത്തി രണ്ടു പുസ്തകങ്ങളാണ് അനുസ്മരണ ചടങ്ങുകളിൽ പ്രകാശനം ചെയ്യപ്പെട്ടത്. അനുസ്മരണ പരിപാടികളുടെ ഉദ്ഘാടന ചടങ്ങിൽ കേരള ലളിതകല അക്കാദമിക്കു വേണ്ടി ഡോ. ഉമർ തറമേൽ എഡിറ്റ് ചെയ്ത 'ഓർമകൾ കറുപ്പിലും വെളുപ്പിലും' എന്ന പുസ്തകം ഫോട്ടോഗ്രാഫർ മധുരാജിന് കോപ്പി നൽകി ആർട്ടിസ്റ്റ് പോൾ കല്ലാനോടും സമാപന ചടങ്ങിൽ റസാഖിന്റെ അടൂർ ചിത്രങ്ങളുൾപ്പെടുത്തി 'ഒലിവ്' പ്രസിദ്ധീകരിക്കുന്ന 'എ ഡോർ ടു അടൂർ' എന്ന പുസ്തകം അടൂരിന് കോപ്പി നൽകി രഘു റായിയുമാണ് പ്രകാശനം ചെയ്തത്. മറ്റൊരു റസാഖ് ഓർമപ്പുസ്തകം കൂടി 'ഒലിവി'ന്റെ പണിപ്പുരയിലുണ്ട്.

റസാഖ് ഇന്ന് ചരിത്രമാണ്. തന്നോടടുത്തവർക്കെല്ലാം പണവും പദവിയും നോക്കാതെ, മതവും ജാതിയും നോക്കാതെ, ആണും പെണ്ണും നോക്കാതെ, മനുഷ്യനെന്നോ മൃഗമെന്നോ നോക്കാതെ, പക്ഷിയെന്നോ പ്രാണിയെന്നോ നോക്കാതെ റസാഖ് സ്നേഹം വാരിക്കോരി നൽകി. ജീവിതത്തിന്റെ അവസാന നാളുകളിൽ പക്ഷേ, ഒറ്റപ്പെടലിന്റെ വേദന അനുഭവിച്ചിരുന്നു. താൻ സ്നേഹമൂട്ടിയവരിൽനിന്ന് അത് തിരിച്ചുകിട്ടാത്തതിന്റെ പരിഭവം അദ്ദേഹം തുറന്നു പ്രകടിപ്പിച്ചിരുന്നു. 'സ്നേഹമാണെന്റെ ഉള്ളിലെ വെളിച്ചം, അതാണെന്റെ ഭാരമില്ലായ്മ. അത് കിട്ടിയില്ലെങ്കിൽ ഞാൻ അസ്വസ്ഥനാവും. ഉള്ളിൽ ഇരുട്ടുകയറും. എന്നിൽനിന്നേ ഞാനകന്ന് പോകും. എന്നിലേക്കെനിക്ക് എത്താൻ കഴിയാതെ പോകും.'

മരണ ശേഷം അദ്ദേഹത്തിന്റെ ചിത്രങ്ങളിലൂടെ, പ്രകടിപ്പിച്ച തുല്യതയില്ലാത്ത സ്നേഹപ്രകടനത്തിന്റെ ഓർമകളിലൂടെ റസാഖിലേക്കെത്താനാണ് ഇനി നമ്മുടെ പ്രയാണം. ●

ഓർമ



ഡോ. എം.ബി. സുനിൽകുമാർ

# അക്ഷരങ്ങളുടെ അനശ്വരതയിൽ

സെയ്ഫ് ചക്കുവള്ളി

*"ജീവിതം തീരെ പ്രതീക്ഷിക്കാത്ത വഴികളിൽക്കൂടി ദിശമാറി കറങ്ങിത്തിരിഞ്ഞു പോകുമെന്നോ തീരെ നിനക്കാത്ത സന്ദർഭങ്ങളിലൂടെ കയറിയിറങ്ങുമെന്നോ അവസാനം ഇങ്ങനെയൊരു പുസ്തകമെഴുതുമെന്നോ ഒരിക്കലും ചിന്തിച്ചിരുന്ന കാര്യങ്ങൾ ആയിരുന്നില്ല. സന്തോഷവും സൗഹൃദവും പങ്കിട്ടും ഉല്ലസിച്ചും ജീവിതം ആഘോഷമായി പോകുന്നതിനിടെ പെട്ടെന്നൊരു ദിവസം തനിക്ക് കാൻസറാണെന്ന് അറിയാനിടയായാൽ എന്തായിരിക്കും ഒരാളുടെ മാനസികാവസ്ഥ? ഏകദേശം ആറുവർഷങ്ങൾക്ക് മുമ്പ് ഈയൊരവസ്ഥ നേരിടേണ്ടിവന്ന ആളാണ് ഞാൻ. ആയുസ്സിന്റെ പുസ്തകത്തിലെ അവസാന താളുകൾ കൺമുന്നിൽ മറിയുന്നത് കണ്ട് തളർന്നുപോയ നിമിഷങ്ങൾ"* (ഒരാൾ ജീവിത്തിലേക്ക് തിരിച്ചുനടന്ന വിധം-ഡോ. എം.ബി. സുനിൽകുമാർ)

രക്താർബുദത്തിലെതന്നെ അതീവ മാരക ഇനം രോഗം ബാധിച്ച്, 90 ദിവസം തികക്കില്ലെന്ന വൈദ്യശാസ്ത്രത്തിന്റെ മുന്നറിയിപ്പിന് മുന്നിൽ പകച്ചുനിന്നൊരു ജീവിതം. രോഗത്തെ ഇച്ഛാശക്തിയും ആത്മവിശ്വാസവും കൊണ്ട് തറപറ്റിച്ച് ജീവിതത്തിലേക്ക് തിരിച്ചെത്തിയ ഡോ. എം.ബി. സുനിൽകുമാർ എന്ന വെറ്ററിനറി സർജൻ ആറാണ്ടുകൾക്കിപ്പുറം ജോലിക്കിടയിൽ സംഭവിച്ച ഹൃദയാഘാതം കാരണം മരണത്തിന്റെ കൈപിടിച്ചു നടന്നുപോയിരിക്കുന്നു. ബാക്കിയാവുന്നത് സുനിൽകുമാർ എന്ന കൂട്ടുകാരനെ ഉയിരോളം സ്നേഹിച്ച കുറെ പേരും എട്ടാം ക്ലാസുകാരനായ മകൻ ബാലു സുനിൽകൃഷ്ണയും ഭാര്യ മഞ്ജുഷയും. പിന്നെ അദ്ദേഹം രചിച്ച 'ഒരാൾ ജീവിത്തിലേക്ക് തിരിച്ചുനടന്ന വിധം' എന്ന പുസ്തകവും.

## പൊരുതി ജയിച്ച ജീവിതം

തൃശൂർ കണ്ണൻകുളങ്ങരയിൽ മരപ്പണിക്കാരനായിരുന്ന ബാലകൃഷ്ണന്റെയും അമ്മിണിയുടെയും ഏഴു മക്കളിൽ ഏറ്റവും ഇളയവനായി ജനനം. ഇല്ലായ്മകളും കഷ്ടപ്പാടുകളും നിറഞ്ഞ ജീവിതത്തോട് പഠിച്ച് പകരം വീട്ടിയാണ് സുനിൽകുമാർ വളർന്നത്. പഠിക്കുന്ന കാലങ്ങളിൽ പഠനേതര പ്രവർത്തനങ്ങളിലും മുമ്പൻ. പഠിക്കാൻ കഴിയാതെ പോയ മൂത്ത സഹോദരങ്ങളുടെയെല്ലാം പ്രതീക്ഷയും വാത്സല്യവുമായി വളർന്ന് മണ്ണുത്തി വെറ്ററിനറി കോളജിലേക്ക്. കൂലിപ്പണി ചെയ്തോ മരപ്പണിക്കാരനായോ ജീവിച്ചൊടുങ്ങേണ്ടിയിരുന്ന ഒരു ജീവിതത്തെ കഠിനാധ്വാനംകൊണ്ട് ഇന്ത്യയിലെതന്നെ മികച്ച പ്രഫഷനൽ കോളജുകളിലൊന്നിൽ എത്തിക്കുകയായിരുന്നു. സർഗാത്മകതയുടെ പാതയിലൂടെതന്നെയായി പിന്നീട് അദ്ദേഹത്തിന്റെ സഞ്ചാരം. നാട്ടിൻപുറത്തെ ഏത് കർഷകനും എപ്പോഴും സമീപിക്കാവുന്ന മൃഗചികിത്സകനും ആകാശവാണിയിലെ അവതാരകനും സിനിമാ അഭിനേതാവും സംവിധാന സഹായിയും ഒക്കെയായി തുടർന്നു ജീവിതം. ടെലിവിഷൻ ചാനലുകളിലെ കൃഷി-മൃഗസംരക്ഷണ പരിപാടികളിലെ സ്ഥിരം മുഖമായി. പുലിജന്മം, വെയിൽ തുമ്പികൾ, സൂഫി പറഞ്ഞ കഥ, ഭക്തജനങ്ങളുടെ ശ്രദ്ധക്ക്, നമുക്കൊരേ ആകാശം എന്നീ ചിത്രങ്ങളിൽ അഭിനയിച്ചു.

## ആത്മവിശ്വാസം ആയുധമാക്കിയ പ്രതിഭ

ആറാണ്ട് മുമ്പൊരു ചെറിയ ചുമയിലായിരുന്നു തുടക്കം. കഫത്തിൽ രക്തത്തിന്റെ സാന്നിധ്യം കണ്ടതോടെ തൃശൂർ മെഡിക്കൽ കോളജിൽ വിദഗ്ധ പരിശോധനക്ക് വിധേയനായി. അപൂർവവും അത്യന്തം മാരകവുമായ സ്റ്റെംസെൽ ലുക്കീമിയ എന്ന രക്താർബുദമുണ്ടെന്ന് സ്ഥിരീകരിച്ചു. 90 ദിവസങ്ങൾക്കപ്പുറം തികക്കില്ലെന്നായിരുന്നു ഭിഷഗ്വരമതം. അവിടെനിന്ന് ലേക്ക്ഷോറിൽ ഡോ. വി.പി. ഗംഗാധരന്റെ ചികിത്സയിൽ ഒരു വർഷത്തോളം. ജീവിതത്തിന്റെ ചൂടും മരണത്തിന്റെ തണുപ്പും ഒരുപാടു കണ്ട ഡോ. ഗംഗാധരൻ, തനിക്കിപ്പോൾ മരിക്കാൻ കഴിയില്ലെന്ന് നിശ്ചയദാർഢ്യത്തോടെ പറഞ്ഞ രോഗിയോട് ഐക്യപ്പെട്ടു. അദ്ദേഹത്തിന്റെ മരുന്നും രോഗിയുടെ മനസ്സും ചേർന്നപ്പോൾ രക്താർബുദ ചികിത്സയിലെ ഒരീടുവെപ്പായി ഡോ. സുനിൽകുമാർ ജീവിതത്തിലേക്ക് തിരിച്ചുനടന്നു. ജോലിയിൽ തിരികെ പ്രവേശിപ്പിച്ച ശേഷം രോഗം വരും മുമ്പ് ഡോ. സുനിൽകുമാർ എന്തും ആരും ആയിരുന്നോ അതെല്ലാം ആയിത്തീരാൻ മനഃപൂർവമുള്ള ശ്രമങ്ങൾ. രോഗം മറന്ന് ഡോ. സുനിൽകുമാർ കഠിനാധ്വാനം ചെയ്തു. ആത്മവിശ്വാസത്തിന്റെ കൊടുമുടി കയറിയ ഡോ. സുനിൽകുമാർ തുടർ പരിശോധനകളോട് പലപ്പോഴും വിസമ്മതം കാട്ടി. ഒടുവിൽ, രണ്ടാഴ്ച മുമ്പ് ഒരു ദിവസം രാവിലെ തൃശൂർ മന്ദാമംഗലത്തെ വെറ്ററിനറി ഡിസ്പെൻസറിയിലെ ഡോക്ടർ എന്ന നിലയിൽ ഗ്രാമത്തിലെ ഒരു വീട്ടിൽ പശുവിന് ചികിത്സ നൽകവേ രാവിലെ ഒമ്പതരയോടെ കുഴഞ്ഞുവീണു. രണ്ട് പ്രായമായ സ്ത്രീകൾ മാത്രമായിരുന്നു ആ വീട്ടിൽ ഉണ്ടായിരുന്നത്. അദ്ദേഹംതന്നെ വീടിന്റെ കോലായയിലെ കട്ടിലിൽ വിശ്രമിക്കാൻ കിടന്നു. രണ്ട് മണിക്കൂർ കഴിഞ്ഞിട്ടും ക്ഷീണം മാറാതിരുന്നതിനെ തുടർന്ന് അവർ അയൽക്കാരെ വരുത്തി ആശുപത്രിയിലേക്ക് കൊണ്ടുപോയി. ഒടുവിൽ തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ സുനിൽകുമാർ യാത്രയായി. പോസ്റ്റ്മോർട്ടം റിപ്പോർട്ട് വന്നപ്പോൾ ഡോ. സുനിൽകുമാറിനെ അർബുദം ഒന്നും ചെയ്തില്ലെന്ന് വ്യക്തമായി. പ്രതിരോധ ശേഷി പൂർണമായും വീണ്ടെടുക്കാത്തതിനാൽ ഏറ്റ സൂര്യാതപവും തുടർന്നുണ്ടായ ഹൃദയാഘാതവും. മരണമുഖത്തുനിന്ന് തിരികെ നടന്ന ആ ജീവിതം ഇന്ന് അക്ഷരങ്ങളുടെ അനശ്വരതയിലൂടെ നിലനിൽക്കുന്നു.



'ഒരാൾ ജീവിതത്തിലേക്ക് തിരിച്ചുനടന്ന' വിധം പുസ്തക കവർ

## പുസ്തകത്താളിൽ കോറിയത്

രക്താർബുദത്തിന്റെ പിടിയിൽനിന്ന് മോചിതനായ ശേഷം ഡോ. സുനിൽകുമാർ എഴുതിയ 'ഒരാൾ ജീവിതത്തിലേക്ക് തിരിച്ചുനടന്ന വിധം' എന്ന പുസ്തകം ഏപ്രിൽ 21ന് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ പ്രകാശനം ചെയ്യാനിരിക്കെയായിരുന്നു രചയിതാവിന്റെ ആകസ്മികാന്ത്യം. ആ ദൗത്യം പിന്നീട് കൂട്ടുകാർ ഏറ്റെടുത്തു. ഡോ. അരുൺ റാഫേലും ഡോ. അസ്‌ലമും ഡോ. ബൈജുഷായുമെല്ലാം തങ്ങളെ പിരിഞ്ഞുപോയ സഹപ്രവർത്തകനുള്ള തിലോദകമായി ആ പുസ്തക പ്രകാശനത്തെ പരിവർത്തിപ്പിച്ചു. മരണത്തിലേക്കുള്ള ദൂരം അളന്നുമുറിക്കപ്പെടുമ്പോഴാണല്ലോ മനുഷ്യൻ സമ്പത്തിനെയും സുഖങ്ങളെയുമെല്ലാം വിട്ട് ജീവിതത്തെ സ്നേഹിച്ചുതുടങ്ങുന്നത്. ജീവിക്കണം, ജീവിച്ചേ മതിയാകൂ എന്ന ഇച്ഛാശക്തിക്ക് അർബുദ ചികിത്സയിലുള്ള പങ്ക് വളരെ വലുതാണ്. അതുതന്നെയാണ് മഹാരോഗത്തിന്റെ പിടിയിലമർന്ന് പിടയുന്ന മുഴുവൻ പേർക്കും സ്നേഹസാന്ത്വനങ്ങളാവുന്ന ഈ പുസ്തകത്തിന്റെ കാതൽ.

